"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - അതിദാരിദ്ര്യ നിർമ്മാർജ്ജനാനന്തര പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.88/2026/LSGD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-
1. 16/07/2021-ലെ സ.ഉ.(കൈ) നം.145/2021/തസ്വഭവ
2. 08/07/2022-ലെ സ.ഉ.(കൈ) നം.146/2022/തസ്വഭവ
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03/03/2026-ലെ LSGD/PD/31651/2025-SPMC1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് അതീവ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനും അതിദാരിദ്ര്യം അഞ്ചു വർഷത്തിനകം നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം നിലവിൽ വന്ന അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി 2025 നവംബർ ഒന്നിന് പൂർത്തിയായതായി പ്രഖ്യാപിക്കുകയും, പദ്ധതിയുടെ സുസ്ഥിരത ലക്ഷ്യമിട്ടു കൊണ്ട് അതിദാരിദ്ര്യ നിർമ്മാർജ്ജനാനന്തര പദ്ധതി ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്ക് തുടക്കമിടാൻ തീരുമാനിക്കുകയും ചെയ്തു.

2. തദ്ദേശസ്വയംഭരണവകുപ്പ് നടത്തിയ യോഗങ്ങളിലും തുടർന്ന് കിലയുടെ നേതൃത്വത്തിൽ നടന്ന വർക്ക്ഷോപ്പ്, ചർച്ചകൾ എന്നിവയിലും ഉരുത്തിരിഞ്ഞ ആശയങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കിയ അതിദാരിദ്ര്യ നിർമ്മാർജ്ജനാനന്തര പദ്ധതിയുടെ മാർഗ്ഗനിർദേശങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഈ മാർഗ്ഗനിർദേശങ്ങൾ വിശദമായി പരിശോധിച്ചു. അതിദാരിദ്ര്യ നിർമ്മാർജ്ജനാനന്തര പദ്ധതി ഈ മാർഗ്ഗനിർദേശങ്ങളിലൂടെ മുന്നോട്ടു വയ്ക്കുന്ന പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1 . **അതിദാരിദ്ര്യമുക്ത കുടുംബങ്ങളുടെ സുസ്ഥിര അതിജീവനം:** നിലവിൽ അതിദാരിദ്ര്യമുക്തരായവർക്ക് സുസ്ഥിരമായ അതിജീവന സാഹചര്യം ഉറപ്പാക്കൽ.

2 . **പുതിയ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തലും അതിദാരിദ്ര്യമുക്തരാക്കാനുള്ള ഇടപെടൽ നടത്തലും** : വിവിധ കാരണങ്ങളാൽ പുതുതായി അതിദാരിദ്ര്യ അവസ്ഥയിലേക്ക് വന്നിരിക്കാനിടയുള്ള കുടുംബങ്ങൾ, അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ ആദ്യ കരട് പട്ടികയിൽ ഉൾപ്പെട്ടതും പിന്നീട് തുടർ വിലയിരുത്തലുകളിൽ ഒഴിവാക്കപ്പെട്ടതുമായ കുടുംബങ്ങൾ, നിലവിലുള്ള അഗതി രഹിത കേരളം (ആശ്രയ) പട്ടികയിലുൾപ്പെട്ട കുടുംബങ്ങൾ തുടങ്ങിയവയെ അതിദരിദ്രർക്കായുള്ള മാനദണ്ഡങ്ങൾ വെച്ച് വിലയിരുത്തി കണ്ടെത്തൽ, അതിദാരിദ്ര്യമുക്തരാക്കാനുള്ള ഇടപെടൽ നടത്തൽ.

3 . **അതിദരിദ്രർക്ക് തൊട്ടുമുകളിലുള്ള വിഭാഗക്കാർ അതിദാരിദ്ര്യത്തിലേക്ക് വീഴാതിരിക്കാനുള്ള സമഗ്ര സുരക്ഷാ വലയം** (Safety net) **ഒരുക്കൽ** : അതിദരിദ്രർക്ക്

തൊട്ടുമുകളിലുള്ള കേവലദരിദ്രരെ കണ്ടെത്തി അവരെ അതിദാരിദ്ര്യത്തിലേക്ക് വീഴാതിരിക്കാനും കേവലദാരിദ്ര്യത്തിൽ നിന്നും മുക്തരാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തൽ.

4. പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി **അതിദാരിദ്ര്യ നിർമ്മാർജ്ജനാനന്തര പദ്ധതി** നടപ്പിലാക്കുന്നതിനു തീരുമാനിച്ചും അതിലേക്കായി അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

മെംബർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, കില, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
പൊതുഭരണ (എസ്.സി.) വകുപ്പ് (10.03.2026-ലെ ഇനം നം.3873 പ്രകാരം)
നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ഐ.എ.1/330/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 12-03-2026 17:07:26
സെക്ഷൻ ഓഫീസർ

# അതിദാരിദ്ര്യമുക്ത കേരളത്തിൽ നിന്ന് കേവലദാരിദ്ര്യമുക്ത കേരളത്തിലേക്ക് :

# അതിദാരിദ്ര്യനിർമാർജ്ജനാനന്തര പദ്ധതി

# അതിദാരിദ്ര്യ നിർമ്മാർജ്ജനാനന്തര പദ്ധതി

**ഉള്ളടക്കം6**

**1.പശ്ചാത്തലം.......................................................................................4**
**2. അതിദാരിദ്ര്യ നിർമ്മാർജ്ജനാനന്തര പദ്ധതി : പ്രധാന ലക്ഷ്യങ്ങൾ; .......................5**
**3. അതിദാരിദ്ര്യമുക്ത കുടുംബങ്ങളുടെ സുസ്ഥിര അതിജീവനം.......................................6**
3.1. കുടുംബാധിഷ്ഠിത മൈക്രോപ്ലാൻ പുതുക്കൽ..........................................................6
3.2. മൈക്രോപ്ലാനുകളിൽ നിന്ന് തദ്ദേശ സ്ഥാപന ഉപപദ്ധതിയിലേക്ക്..........................8
3.2.1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, കുടുംബശ്രീ എന്നിവരുടെ സംയുക്ത പങ്കാളിത്തത്തോടെ തദ്ദേശസ്ഥാപനതല ശില്പശാലകൾ:..........................................................10
3.2.2. പ്രത്യേക ഘടകപദ്ധതികളുമായി അതിദാരിദ്ര്യ ഉപപദ്ധതിയെ ബന്ധിപ്പിക്കൽ..........................................................................................10
3.2.3. മൈക്രോപ്ലാനുകളെ പദ്ധതികൾ, വകുപ്പുകൾ, സ്കീമുകൾ എന്നിവയുമായി ബന്ധിപ്പിക്കൽ..........................................................................................11
3.2.4. ഉപജീവന പദ്ധതികൾ തയ്യാറാക്കൽ...................................................12
3.2.5. അതിദരിദ്ര കുടുംബങ്ങൾക്ക് സംരംഭങ്ങൾക്ക് പുറമേയുള്ള തൊഴിൽ സാധ്യതകൾ..........................................................................................13
3.2.6. നൈപുണി വികസനവും തൊഴിൽ സാധ്യതകളും.....................................13
3.2.7. സേവനങ്ങൾ സുസ്ഥിരമായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ........13
3.2.8. സ്ഥാപന സംവിധാനങ്ങൾ കണ്ടെത്തലും ശക്തിപ്പെടുത്തലും............................16
3.2.9. സന്നദ്ധ സേവനത്തിന് വാർഡ് - തദ്ദേശ സ്ഥാപനതല സംവിധാനം.............17
3.3. അതിദാരിദ്ര്യത്തിൽ നിന്നും പുറത്തുവന്ന കുടുംബങ്ങളെ പട്ടികയിൽ നിന്നും ഒഴിവാക്കൽ 17
**4. അതിദാരിദ്ര്യ പട്ടിക പുതുക്കൽ.......................................................................19**
4.1. പുതുതായി അതിദാരിദ്ര്യാവസ്ഥയിലേക്ക് വന്ന കുടുംബങ്ങളെ കണ്ടെത്തലും ഉൾചേർക്കലും. ......................................................................................................19
4.1.1. പുതിയ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിന് വിപുലമായ പ്രചാരണ പരിപാടി ......................................................................................................20
4.1.2. ഹെൽപ്പ് ലൈൻ.......................................................................................20
4.1.3. നിലവിലുള്ള സമാനസ്വഭാവമുള്ള പട്ടികകളുടെ പരിശോധന.................................20
4.1.4. വാർഡുതല സമിതികളുടെ പ്രാഥമിക പരിശോധന............................................22
4.1.5. പ്രാദേശികതല ചർച്ചകളും പട്ടിക വിപുലപെടുത്തലും........................................22
4.1.5.1. ഗ്രാമതലം.........................................................................................22
4.1.5.2. നഗര മേഖല.....................................................................................23
4.1.6. പട്ടികയുടെ അന്തിമരൂപം നൽകൽ.............................................................23
4.1.7. എന്യൂമറേഷന്റെ കാര്യക്ഷമത വർധിപ്പിക്കൽ..................................................24
4.2. അഗതിരഹിത കേരളം (ആശ്രയ) കുടുംബങ്ങളുടെ വിലയിരുത്തലും അതിദാരിദ്ര്യ പട്ടികയിലേക്ക് ഉൾചേർക്കലും.................................................................24
5. **മാനദണ്ഡങ്ങളിലെ കൂട്ടിചേർക്കലുകൾ**.........................................................26

5.1. പൊതു മാനദണ്ഡങ്ങൾ........................................................................................26
5.2. പ്രത്യേക മാനദണ്ഡം.............................................................................................27
**6. അതിദാരിദ്ര്യത്തിലേക്ക് വീഴാൻ സാധ്യതയുള്ള കേവലദരിദ്ര കുടുംബങ്ങൾക്ക് സുരക്ഷാവലയം ഒരുക്കൽ..............................................................................28**
**7. ഏകോപന സംവിധാനം........................................................................................30**
7.1. സംസ്ഥാനതലം......................................................................................................30
7.1.1. സംസ്ഥാനതല മാർഗ്ഗ നിർദ്ദേശക സമിതി...................................................30
7.1.2. സംസ്ഥാനതല ഏകോപന സമിതി..................................................................31
7.1.3 സംസ്ഥാനതല നിർവ്വഹണ സമിതി.................................................................32
7.1.4. സംസ്ഥാനതല നിർവ്വഹണ സെൽ..................................................................33
7.2. ജില്ലാതല സമിതികൾ..............................................................................................35
7.2.1. ജില്ലാതല ഏകോപന സമിതി.........................................................................35
7.2.2. ജില്ലാതല നിർവഹണ സെൽ..........................................................................36
7.3. ബ്ലോക്ക്തല സമിതി..................................................................................................36
7.3.1. ബ്ലോക്ക്തല ഏകോപന സമിതികൾ.................................................................36
7.4. തദ്ദേശസ്വയംഭരണ സ്ഥാപനതല സമിതികൾ.......................................................37
7.4.1. തദ്ദേശസ്വയംഭരണ സ്ഥാപനതല ഏകോപന സമിതി.....................................37
7.4.2. നഗരസഭ / ഗ്രാമ പഞ്ചായത്ത് തല നിർവഹണ സെല്ലുകൾ...........................38
7.4.3. വാർഡ്തല സമിതി.........................................................................................39
7.5. കിലയുടെ പങ്ക്........................................................................................................40
**8. സാമൂഹിക വിലയിരുത്തൽ സംവിധാനം..............................................................40**
**9. അധിക ധനസമാഹരണം.........................................................................................42**
**അനുബന്ധം 1: അതിദരിദ്രരുടെ ഉപജീവന മാർഗ്ഗങ്ങളുടെ സുസ്ഥിരത (Sustainability of Livelihoods) ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ..........................................43**
അനുബന്ധം 1 പട്ടികയിൽ കൊടുത്തിരിക്കുന്നവയുടെ വിശദാംശങ്ങൾ.................................54
**അനുബന്ധം 2: അതിദാരിദ്ര്യ നിർമ്മാർജ്ജനവുമായി സംയോജിപ്പിക്കാവുന്ന വിവിധ വകുപ്പുകളുടെ പദ്ധതികൾ.......................................................................64**

## 1. പശ്ചാത്തലം

2021ൽ അധികാരത്തിൽ വന്ന പുതിയ സർക്കാരിൻറെ ആദ്യ ക്യാബിനറ്റ് തീരുമാനം കേരളത്തെ അതിദാരിദ്ര്യമുക്തമാക്കുക എന്നതായിരുന്നു. 2021-22 വർഷത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് കിലയുടെ നേതൃത്വത്തിൽ വിപുലമായ ഒരു പങ്കാളിത്ത പ്രക്രിയയിലൂടെ സംസ്ഥാനത്താകെ 64,006 കുടുംബങ്ങളെ അതിദരിദ്രരായി കണ്ടെത്തി. എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും വിപുലമായ പങ്കാളിത്തത്തോടെ അതിദരിദ്ര കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്നും പുറത്തു കൊണ്ടുവരുന്നതിനുള്ള വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചു. എല്ലാ വകുപ്പുകളെയും സർക്കാർ ഏജൻസികളെയും ഏകോപിപ്പിക്കുന്നതിനായി സർക്കാരിന്റെ നേതൃത്വത്തിൽ ഒരു കോർഡിനേഷൻ സമിതിയും സംസ്ഥാനതലത്തിൽ അതിദാരിദ്ര്യമുക്ത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു സെല്ലും രൂപീകരിച്ചു. എല്ലാ അതിദരിദ്ര കുടുംബങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ പിന്തുണയോടെ കുടുംബ തല മൈക്രോപ്ലാനുകൾ തയ്യാറാക്കി.

ഈ മൈക്രോപ്ലാനുകളുടെ നിർവ്വഹണം 2022 മുതൽ 2025 വരെ തുടർച്ചയായി നടന്നു. വിവിധ വകുപ്പുകളുടെ ഇടപെടലിലൂടെ ഭവന രഹിതർക്ക് പാർപ്പിടം നിർമ്മിക്കൽ, ഭവന അറ്റകുറ്റപ്പണികൾ നടത്തൽ, ചികിത്സ ലഭ്യമാക്കൽ, ഭക്ഷണവും ഭക്ഷ്യവസ്തുക്കളും എത്തിച്ചു നൽകൽ. റേഷൻ കാർഡ് ഉൾപ്പെടെയുള്ള വിവിധതരം കാർഡുകൾ ലഭ്യമാക്കൽ, വീടുകൾ വൈദ്യുതീകരിക്കൽ, കുടിവെള്ള സൗകര്യങ്ങൾ എത്തിക്കൽ, സ്വാന്തന പരിചരണം ലഭ്യമാക്കൽ, ഒറ്റപ്പെട്ടവരെ പൊതു സംവിധാനങ്ങളിലേക്ക് പുനരധിവസിപ്പിക്കൽ, കുട്ടികൾക്ക് പഠന സൗകര്യങ്ങൾ ഒരുക്കൽ, വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര ഉറപ്പാക്കൽ തുടങ്ങി വൈവിധ്യമാർന്ന ഇടപെടലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവരുടെയും പങ്കാളിത്തത്തോടെയും സംസ്ഥാനമൊട്ടാകെ നടന്നു. "ഉജ്ജീവനം" എന്ന പേരിൽ ഒരു ഉപജീവന പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തയ്യാറാക്കി. ഭക്ഷണം, ചികിത്സ, സാന്ത്വന പരിചരണം എന്നിവ ലഭ്യമാക്കുന്നതിന് കുടുംബശ്രീ, പാലിയേറ്റീവ് കെയർ സംവിധാനം, സന്നദ്ധപ്രവർത്തകർ, ജനകീയ ഹോട്ടലുകൾ എന്നീ സേവന ശൃംഖലകളെ അതിദരിദ്ര കുടുംബങ്ങളുമായി ബന്ധിപ്പിച്ചു. ഇത്തരം വിപുലമായ പ്രവർത്തനങ്ങൾക്കൊടുവിൽ 2025 നവംബർ 1ന് കേരളം അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടു. ഇന്ത്യയിൽ ഈ നിലവാരത്തിലേക്ക് വരുന്ന ആദ്യ സംസ്ഥാനമാണ് കേരളം, ലോകത്താകട്ടെ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയ അപൂർവ്വം പ്രദേശങ്ങളിൽ ഒന്ന് കേരളമാണ്.

അതിദാരിദ്ര്യമുക്ത കേരളം പ്രഖ്യാപനത്തിനുശേഷം വളരെ നിർണായകമായ ഒരു ചുവടുവെപ്പിലേക്ക് സംസ്ഥാനം കടക്കുകയാണ്. അതിദാരിദ്ര്യമുക്തിക്ക് പുറമേ

അതിദരിദ്രർക്ക് തൊട്ടുമുകളിൽ വരുന്ന ഒരു വിഭാഗത്തെ കേവലദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള ലക്ഷ്യമാണ് കേരളസർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ഇതോടൊപ്പം അതിദാരിദ്ര്യമുക്തരായ കുടുംബങ്ങൾ വീണ്ടും അതിദാരിദ്ര്യത്തിലേക്ക് പ്രവേശിക്കില്ല എന്ന് ഉറപ്പാക്കാനുള്ള സുസ്ഥിര ഇടപെടലുകളും സർക്കാർ ലക്ഷ്യമിടുന്നു.

ചുരുക്കത്തിൽ, അതിദാരിദ്ര്യമുക്തി നേടിയ കുടുംബങ്ങളുടെ സുസ്ഥിര അതിജീവനം, പുതുതായി അതിദാരിദ്ര്യാവസ്ഥയിലേക്ക് വന്നിട്ടുണ്ടാകാൻ സാധ്യതയുള്ള കുടുംബങ്ങളെ കണ്ടെത്തൽ, അതിദരിദ്രർക്ക് തൊട്ടുമുകളിലുള്ള കേവലദരിദ്ര വിഭാഗങ്ങളെ കണ്ടെത്തി അവരുടെ സുസ്ഥിര അതിജീവനം ഉറപ്പാക്കൽ എന്നിവയാണ് അതിദാരിദ്ര്യനിർമ്മാർജ്ജനാനന്തര പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഇതിലൂടെ അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ നിന്ന് കേവലദാരിദ്ര്യ നിർമ്മാർജ്ജനത്തിലേക്ക് കടക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിനായുള്ള വിശദാംശങ്ങളാണ് ഈ മാർഗരേഖയിൽ തുടർന്ന് പ്രതിപാദിക്കുന്നത്.

## 2. അതിദാരിദ്ര്യനിർമ്മാർജ്ജനാനന്തര പദ്ധതി : പ്രധാന ലക്ഷ്യങ്ങൾ;

1. **അതിദാരിദ്ര്യമുക്ത കുടുംബങ്ങളുടെ സുസ്ഥിര അതിജീവനം**: നിലവിൽ അതിദാരിദ്ര്യമുക്തരായവർക്ക് സുസ്ഥിരമായ അതിജീവന സാഹചര്യം ഉറപ്പാക്കൽ.

2. **പുതിയ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തലും അതിദാരിദ്ര്യമുക്തരാക്കാനുള്ള ഇടപെടൽ നടത്തലും** : വിവിധ കാരണങ്ങളാൽ പുതുതായി അതിദാരിദ്ര്യ അവസ്ഥയിലേക്ക് വന്നിരിക്കാനിടയുള്ള കുടുംബങ്ങൾ, അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ ആദ്യ കരട് പട്ടികയിൽ ഉൾപ്പെട്ടതും പിന്നീട് തുടർ വിലയിരുത്തലുകളിൽ ഒഴിവാക്കപ്പെട്ടതുമായ കുടുംബങ്ങൾ, നിലവിലുള്ള അഗതി രഹിത കേരളം (ആശ്രയ) പട്ടികയിലുൾപ്പെട്ട കുടുംബങ്ങൾ തുടങ്ങിയവയെ അതിദരിദ്രർക്കായുള്ള മാനദണ്ഡങ്ങൾ വെച്ച് വിലയിരുത്തി പട്ടികയിൽ ഉൾപ്പെടുത്തൽ, അതിദാരിദ്ര്യമുക്തരാക്കാനുള്ള ഇടപെടൽ നടത്തൽ.

3. **അതിദരിദ്രർക്ക് തൊട്ടുമുകളിലുള്ള വിഭാഗക്കാർ അതിദാരിദ്ര്യത്തിലേക്ക് വീഴാതിരിക്കാനുള്ള സമഗ്ര സുരക്ഷാ വലയം (Safety net) ഒരുക്കൽ** : അതിദരിദ്രർക്ക് തൊട്ടുമുകളിലുള്ള കേവലദരിദ്രരെ കണ്ടെത്തി അവരെ അതിദാരിദ്ര്യത്തിലേക്ക് വീഴാതിരിക്കാനും കേവലദാരിദ്ര്യത്തിൽ നിന്നും മുക്തരാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തൽ

## 3. അതിദാരിദ്ര്യമുക്ത കുടുംബങ്ങളുടെ സുസ്ഥിര അതിജീവനം

അതിദാരിദ്ര്യമുക്ത കുടുംബങ്ങളിൽ ചിലരെങ്കിലും തുടർച്ചയായ പിന്തുണ ഉറപ്പാക്കിയില്ലെങ്കിൽ ഏതു ഘട്ടത്തിലും അതിദരിദ്ര അവസ്ഥയിലേക്ക് തിരിച്ചു വീഴാൻ സാധ്യതയുള്ളവരാണ്. ആഹാരം, ചികിത്സ, വരുമാനം മുതലായവയാണ് ഭൂരിഭാഗത്തിന്റെയും അതിദരിദ്രാവസ്ഥക്കുള്ള കാരണം എന്നു ആദ്യഘട്ട കണക്കുകൾ കാണിക്കുന്നു. ഇവ സുസ്ഥിരമായി ഉറപ്പാക്കുന്നതിൽ ആദ്യ ഘട്ടത്തിൽ ചില പരിമിതികൾ അനുഭവപ്പെട്ടിട്ടുണ്ട്. അതിനാൽത്തന്നെ മേൽ സൂചിപ്പിച്ച സേവനങ്ങളെ സുസ്ഥിരമായി അതിദാരിദ്ര്യമുക്ത കുടുംബങ്ങൾക്ക് ഉറപ്പാക്കുക എന്നത് അതിദാരിദ്ര്യമുക്ത കേരളത്തിൻ്റെ അനിവാര്യ ഘടകമാണ്.

അതിദാരിദ്ര്യമുക്ത കുടുംബങ്ങളുടെ സുസ്ഥിര അതിജീവനം ഉറപ്പാക്കുന്നതിന് സൂക്ഷ്മവും സ്ഥൂലവുമായ ഇടപെടലുകൾ അനിവാര്യമാണ്. പഞ്ചായത്ത്, മുൻസിപ്പൽ തലങ്ങളിലും ബ്ലോക്ക്, ജില്ലാതലങ്ങളിലും കോർപ്പറേഷൻ തലത്തിലും വ്യത്യസ്തമായ പ്രവർത്തനങ്ങൾ ഇതിനായി ഏറ്റെടുക്കേണ്ടി വരും. ഓരോ തലങ്ങളിലും എല്ലാ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിക്കുന്ന ജനകീയ സംവിധാനങ്ങളും രൂപീകരിക്കണം. അതിദരിദ്ര കുടുംബങ്ങളുടെ ആവശ്യങ്ങളുമായി ബന്ധപ്പെടുത്താൻ കഴിയുന്ന എല്ലാ ഏജൻസികളുടെയും വകുപ്പുകളുടെയും പദ്ധതികളെ ഏകോപിപ്പിച്ചുള്ള കുടുംബതല മൈക്രോപ്ലാനുകൾ, തദ്ദേശസ്ഥാപനതല ഉപപദ്ധതികൾ, ബ്ലോക്ക് ജില്ലാതല പദ്ധതികൾ എന്നിവ തയ്യാറാക്കേണ്ടി വരും. അതിദരിദ്ര കുടുംബങ്ങൾക്ക് സേവനം എത്തിക്കുന്നതിന് കഴിയുന്ന എല്ലാ വകുപ്പുതല സംവിധാനങ്ങളെയും സന്നദ്ധ സംവിധാനങ്ങളെയും സേവന വിഭാഗങ്ങളെയും വിവിധ തദ്ദേശസ്ഥാപനതലത്തിൽ ഏകോപിപ്പിച്ച് പ്രവർത്തിക്കേണ്ടിവരും. ഈ പ്രവർത്തനങ്ങൾ എല്ലാം സംസ്ഥാന-ജില്ലാതലങ്ങളിൽ ഏകോപിപ്പിക്കുന്നതിന് വിവിധ വകുപ്പുകളും ഏജൻസികളും ഉൾപ്പെട്ട കോർഡിനേഷൻ സമിതികളും നിർവഹണ നേതൃത്വത്തിനുള്ള സംസ്ഥാന, ജില്ലാതല സെല്ലുകളും പ്രവർത്തിക്കേണ്ടിവരും.

ദരിദ്ര കുടുംബങ്ങളുടെ സുസ്ഥിര അതിജീവനത്തിന് സ്വീകരിക്കേണ്ട ഇടപെടലുകൾ താഴെ നിർദ്ദേശിക്കുന്നു;

### 3.1. കുടുംബാധിഷ്ഠിത മൈക്രോപ്ലാൻ പുതുക്കൽ

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ അതിദരിദ്രർക്കായുള്ള കുടുംബ മൈക്രോപ്ലാനുകൾ പുതുക്കണം. അതിദാരിദ്ര്യനിർമ്മാർജ്ജനാനന്തര പദ്ധതിയിൽ ഗുണഭോക്താക്കളാവുന്ന കുടുംബങ്ങളെ നേരിൽ കണ്ട് അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി പുതുക്കിയ മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ പ്രത്യേക ടീമുകൾ രൂപീകരിക്കേണ്ടതുണ്ട്. ഓരോ അതിദരിദ്ര കുടുംബത്തിന്റെയും വിഭാഗം (ഉദാ: സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, രോഗികൾ,

സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ), വിഷയ മേഖല (ഉദാ: ഭക്ഷണം, ആരോഗ്യം, വരുമാനം, വാസസ്ഥലം) എന്നിവ തിരിച്ചുള്ള ആവശ്യങ്ങൾ മനസ്സിലാക്കുന്നതിനായി ടി ടീമിൽ വനിതാ-ശിശു വികസന വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, ആരോഗ്യ വകുപ്പ്, പട്ടികജാതി – പട്ടികവർഗ്ഗ വികസന വകുപ്പ്, കുടുംബശ്രീ മിഷൻ തുടങ്ങിയ വകുപ്പുകളിലെ തദ്ദേശ സ്ഥാപനതല ഉദ്യോഗസ്ഥരെ/പ്രതിനിധികളെ നിർബ്ബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. ഇതിന് പുറമേ അതത് മേഖലയിലെ തദ്ദേശ സ്ഥാപനതല നിർവ്വഹണ ഉദ്യോഗസ്ഥരെയും ചേർക്കേണ്ടതാണ്. മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

- തദ്ദേശസ്ഥാപനതല, വാർഡ് തല സമിതികൾ യോഗം ചേരൽ.
- വാർഡ് തദ്ദേശസ്ഥാപനതല സമിതികളുടെ ഏകോപനത്തിനായി അതിദാരിദ്ര്യ നിർണയ പ്രക്രിയയുടെ (സ.ഉ.(കൈ) നം.145/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 16/07/2021) ഉത്തരവിൽ സൂചിപ്പിക്കുന്നതുപോലെ പഞ്ചായത്ത് വാർഡ്/ മുനിസിപ്പൽ ഡിവിഷൻ ചുമതലയുള്ള ഉദ്യോഗസ്ഥരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കണം.
- വാർഡ്തല സമിതികൾ വഴി വീടുകളിൽ പോയി മൈക്രോപ്ലാനുകൾ പുതുക്കുന്നതിനുള്ള ഒരു ടീമിനെ രൂപപ്പെടുത്തണം. ആശാവർക്കർമാർ, അങ്കണവാടി വർക്കർമാർ, എഡിഎസ് ഭാരവാഹികൾ, സർക്കാർ സർവീസിൽ നിന്നും വിരമിച്ചവർ, കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, ME കൺസൽന്റ്മാർ, വാർഡ് ചുമതലയുള്ള ആരോഗ്യ പ്രവർത്തകർ (JPHN, JSN), പട്ടികജാതി-പട്ടികവർഗ്ഗ പ്രമോട്ടർമാർ, ഫിഷറീസ് ഇൻസ്പെക്ടർമാർ, വനസംരക്ഷണസമിതി ഭാരവാഹികൾ, ഉന്നതികളുടെ പ്രതിനിധികൾ, എന്നിവർ ഉൾപ്പെട്ട ഒരു ടീമിനെ നിശ്ചയിക്കണം.
- ഓരോ വാർഡുതല ടീമിലും 2 വിദ്യാർത്ഥികൾ ഉൾപ്പെടുന്ന രീതിയിൽ ടീമുകൾ രൂപപ്പെടുത്തണം. അതാതു പ്രദേശത്തെ മെഡിസിൻ, നഴ്സിംഗ് എന്നീ വിഷയങ്ങളിലെ ബിരുദ, ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾ, സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിലെ ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾ മുതലായവരെയാണ് വാർഡുതല ടീമുകളിൽ ഉൾപ്പെടുത്താവുന്നത്. ഈ ഉത്തരവിനോടൊപ്പം നൽകിയിരിക്കുന്ന അതിദരിദ്ര കുടുംബങ്ങളുടെ ആവശ്യങ്ങളുമായി ബന്ധിപ്പിക്കുന്ന സ്കീമുകളുടെ വിശദാംശങ്ങൾ (അനുബന്ധം 1) വാർഡ്തല ടീമുകൾക്ക് നൽകണം.
- മൈക്രോപ്ലാനുകൾ പുതുക്കുന്നതിന് ആദ്യഘട്ടത്തിൽ മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനു നൽകിയ മാർഗരേഖയിലെ (സ.ഉ. (കൈ) നം.146/2022/LSGD തീയതി, തിരുവനന്തപുരം, 08-07-2022) ഫോർമാറ്റ്

ഡിജിറ്റൽ രൂപത്തിൽ മാറ്റങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കണം. ഇതിന്റെ പരിഷ്കരണവും മറ്റു സാങ്കേതിക ഇടപെടലുകളും അനുയോജ്യമായ സാങ്കേതിക സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടത്തണം.

- ഓരോ വീടുകളും നേരിട്ട് സന്ദർശിച്ച് അവരുടെ ആവശ്യങ്ങൾ, സാധ്യതകൾ എന്നിവ പരിഗണിച്ച് ആവണം മൈക്രോപ്ലാനുകൾ തയ്യാറാക്കേണ്ടത്. ഉപജീവന പദ്ധതികൾ തയ്യാറാക്കുന്നതിന് കുടുംബശ്രീയുടെ മൈക്രോ എന്റർപ്രണർ (ME) കൺസൾട്ടന്റുമാർ തദ്ദേശ സ്ഥാപനതലത്തിൽ ഉപജീവന മൈക്രോപ്ലാനുകൾ തയാറാക്കുന്നതിനു നേതൃത്വം നൽകണം.

- അതിദരിദ്ര കുടുംബങ്ങളിലെ ഹയർ സെക്കണ്ടറി തലം വരെയുള്ള കുട്ടികളുടെ പഠനം, ഉച്ചഭക്ഷണം, അവരുടെ മറ്റ് ആവശ്യങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും അതത് സ്കൂൾ പി.റ്റി.എ.കൾക്ക് ചുമതല നൽകേണ്ടതാണ്.

- തദ്ദേശ സ്ഥാപനതല അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനുള്ള തദ്ദേശ സ്ഥാപനതല സമിതിയിൽ പി.റ്റി.എ. പ്രതിനിധി

- അതിദാരിദ്ര്യ നിർമ്മാർജ്ജനാനന്തര പദ്ധതിയ്ക്കായി മാർഗ്ഗരേഖക്ക് അനുസൃതമായി പദ്ധതിയുടെ നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി ഡിജിറ്റൽ പ്ലാറ്റ്ഫോം തയ്യാറാക്കുന്നതാണ്.

### 3.2. മൈക്രോപ്ലാനുകളിൽ നിന്ന് തദ്ദേശ സ്ഥാപന ഉപപദ്ധതിയിലേക്ക്

തദ്ദേശ സ്ഥാപനതല ഉപപദ്ധതിയിൽ ഓരോ കുടുംബങ്ങൾക്കും ആവശ്യമായ ഇടപെടലുകളുടെ അടിസ്ഥാനത്തിൽ അതാത് വിഷയ/സ്ഥാപന മേഖലകളിലെ പ്രവർത്തനങ്ങളും അവയുടെ ആവൃത്തിയും വ്യാപ്തിയും നിശ്ചയിക്കണം. മൈക്രോപ്ലാനുകളിലെ പ്രവർത്തനങ്ങളും വിഷയസതാപനതല കലണ്ടാരുകപ്രവർത്തനങ്ങളുടെ കലണ്ടറും തമ്മിൽ പൊരുത്തപ്പെടുന്നു എന്നുറപ്പാക്കണം. മൈക്രോപ്ലാൻ വിദശാംശങ്ങൾക്കൊപ്പം പ്രത്യേക ഘടകപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടുന്ന ഘടകങ്ങൾ, ഉപജീവന പദ്ധതികൾ, മൈക്രോപ്ലാനുകളുമായി ബന്ധിപ്പിക്കാവുന്ന സ്കീമുകൾ, പദ്ധതികൾ എന്നിവയുടെ വിവരങ്ങൾ, അതിദരിദ്ര കുടുംബങ്ങൾക്കായുള്ള വേതനാധിഷ്ഠിത തൊഴിൽ സാധ്യതകൾ, കുടുംബങ്ങൾക്കാവശ്യമുള്ള സേവനങ്ങൾ ലഭ്യമാക്കാനുള്ള പദ്ധതികൾ, നൈപുണി വികസന പരിപാടികൾ, സന്നദ്ധ സേവനം എത്തിക്കുന്നതിനുള്ള സാധ്യതകൾ, എന്നി ഘടകങ്ങൾ ഉൾപ്പെടുത്തണം (ചിത്രം 1 കാണുക).


വിവിധ വകുപ്പുകളും ഏജൻസികളും
കരട് മൈക്രോപ്ലാൻ തയാറാക്കിയവർ
വിവിധ വർക്കിങ് ഗ്രൂപ്പുകളുടെ ഭാരവാഹികൾ
മൈക്രോപ്ലാൻ ഘടകങ്ങൾ പരിശോധിച്ചു ആവശ്യമായ ഘടകങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തൽ
സേവന പദ്ധതി
ഉപപദ്ധതികളെ പ്രത്യേക ഘടകപദ്ധതികൾ, വർക്കിങ് ഗ്രൂപ്പുകൾ, കേന്ദ്ര സംസ്ഥാന സ്കീമുകൾ എന്നിവയുമായി ബന്ധിപ്പിക്കുന്നതിനുള്ള മാപ്പിങ്
കുടുംബാധിഷ്ഠിത മൈക്രോപ്ലാൻ ഘടകങ്ങൾ ഏകോപിപ്പിച്ചു തദ്ദേശ സ്ഥാപന തലത്തിൽ വിഷയാധിഷ്ഠിത ഉപപദ്ധതികൾ തയാറാക്കൽ
അടിസ്ഥാന സൗകര്യ വികസനം
ബ്ലോക്ക്-ജില്ലാതലങ്ങളിൽ ഏകോപനവും ഇടപെടലും ആവശ്യമുള്ള പദ്ധതികൾ പട്ടികപ്പെടുത്തൽ
ആരോഗ്യം-വിദ്യാഭ്യാസം
വിജ്ഞാനകേരളം പദ്ധതിയുടെ തൊഴിൽ കേന്ദ്രങ്ങൾ, ജോബ് സ്റ്റേഷനുകൾ, DDUGKY എന്നിവയുമായി ബന്ധിപ്പിക്കൽ
വേതനാധിഷ്ഠിത തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തൽ
ഉപജീവന പദ്ധതികൾ
നൈപുണി വികസനത്തിലൂടെ തൊഴിൽ നൽകാവുന്നവരുടെ പട്ടിക തയാറാക്കൽ
നൈപുണി വികസനം
തദ്ദേശ സ്ഥാപനതല/വാർഡ്തല ചുമതലക്കാരുടെയും, സന്നദ്ധ സംവിധാനങ്ങളുടെയും ഉത്തരവാദിത്തങ്ങൾ നിർണയിക്കുക
സേവനങ്ങൾ സുസ്ഥിരമായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ, വളണ്ടറി ബാങ്ക് ആവശ്യമെങ്കിൽ അതിനുള്ള നടപടികൾ
പുനരധിവാസം ആവശ്യമുള്ളവർക്കായി സ്ഥാപന സംവിധാനങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തൽ

### 3.2.1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, കുടുംബശ്രീ എന്നിവരുടെ സംയുക്ത പങ്കാളിത്തത്തോടെ തദ്ദേശസ്ഥാപനതല ശില്പശാലകൾ:

അതിദാരിദ്ര്യമുക്തരായ കുടുംബങ്ങളുടെ നിലവിലുള്ള മൈക്രോപ്ലാനുകൾ പുതുക്കുന്നതിനുള്ള വിവരശേഖരണം കഴിഞ്ഞാൽ അവയെ അധിഷ്ഠിതമാക്കി തദ്ദേശ സ്ഥാപനതല അതിദാരിദ്ര്യ ഉപപദ്ധതികൾ തയാറാക്കണം. കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകളുടെ പുതുക്കിയ കരട് മൈക്രോപ്ലാനുകൾ ഫീൽഡ് സന്ദർശനത്തിലൂടെ തയ്യാറാക്കി കഴിഞ്ഞാൽ പഞ്ചായത്ത് മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ ഏകദിന ശില്പശാലകൾ സംഘടിപ്പിക്കണം. ഈ ശില്പശാലകളിൽ അതിദരിദ്രർക്കായുള്ള ഇടപടലുകൾ നടത്താൻ കഴിയുന്ന എല്ലാ വകുപ്പുകളെയും ഏജൻസികളെയും പങ്കെടുപ്പിക്കണം. അവരുടെ നേതൃത്വത്തിൽ ടീമുകൾ ആയി തിരിഞ്ഞ് ഓരോ മൈക്രോപ്ലാനുകളിലെയും ഘടകങ്ങൾ പരിശോധിക്കണം. അതുമായി ബന്ധപ്പെടുത്താവുന്ന സ്കീമുകൾ മൈക്രോപ്ലാനിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ഇല്ലെങ്കിൽ അവ കൂട്ടിച്ചേർക്കുകയും വേണം.

മൈക്രോപ്ലം ആവശ്യമുള്ള ഏതെങ്കിലും ഘടകത്തിന് സ്കീം ലഭ്യമല്ലെങ്കിൽ തദ്ദേശസ്ഥാപനങ്ങളുടെയോ വകുപ്പുകലുടെയോ സ്കീമിൽ കൂട്ടിചെർക്കുന്നതിനുള്ള നിർദേശങ്ങൾ രൂപപ്പെടുത്തുന്നതാണ്

ഈ ശില്പശാലകളിൽ കരട്ടു മൈക്രോപ്ലാൻ തയ്യാറാക്കിയവരും, വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികളും പങ്കെടുക്കണം. കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകളെ ഏകോപിപ്പിച്ച് വിഷയാടിസ്ഥാനത്തിൽ തദ്ദേശസ്ഥാപനതല ഉപപദ്ധതികൾ ഉണ്ടാകണം. ഇങ്ങനെ തദ്ദേശസ്ഥാപനതല അടിസ്ഥാനസൗകര്യ വികസന പദ്ധതി, സേവന പദ്ധതി, വിദ്യാഭ്യാസ-ആരോഗ്യ പദ്ധതികൾ, ഉപജീവന പദ്ധതികൾ മുതലായവ തയ്യാറാക്കാം. ഇവയിൽ പഞ്ചായത്ത്, നഗരസഭാ തലത്തിൽ ചെയ്യാനാകാത്ത, ബ്ലോക്ക്, ജില്ലാതലങ്ങളിൽ ഏകോപനവും ഇടപെടലും ആവശ്യമുള്ള പദ്ധതികൾ പഞ്ചായത്ത് തല ഉപപദ്ധതികളിൽ പട്ടികപ്പെടുത്തണം. അവ കൂട്ടിച്ചേർത്ത് ബ്ലോക്ക്, ജില്ലാതല പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള ശില്പശാലകൾ ബ്ലോക്ക്, ജില്ലാതല ഏകോപന സമിതികളുടെ നേതൃത്വത്തിൽ നടക്കണം.

### 3.2.2. പ്രത്യേക ഘടകപദ്ധതികളുമായി അതിദാരിദ്ര്യ ഉപപദ്ധതിയെ ബന്ധിപ്പിക്കൽ

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകളെ ഏകോപിപ്പിച്ച് തദ്ദേശസ്ഥാപനതല പദ്ധതികൾ തയ്യാറാക്കുമ്പോൾ പ്രത്യേക ഘടക പദ്ധതികളുമായി ബന്ധിപ്പിക്കാവുന്ന ഘടകങ്ങളെ  പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, വനിതാ ഘടകപദ്ധതി, ഭിന്നശേഷിക്കാർ, കുട്ടികൾ, വയോജനങ്ങൾ എന്നിവർക്കായുള്ള ഉപപദ്ധതി എന്നിവയിലേക്ക് ബന്ധിപ്പിക്കാൻ ആവണം. വിവിധ

വർക്കിംഗ് ഗ്രൂപ്പുകളിലേക്ക് അതാത് മേഖലകളിലെ പദ്ധതികളെ ബന്ധിപ്പിക്കാനും കഴിയണം. ഇത്തരത്തിൽ എല്ലാ മേഖലകളിലും അതിദരിദ്രർക്കായുള്ള പദ്ധതികൾ കൊണ്ടുവന്ന് അവയെ ഏകോപിപ്പിക്കുന്ന ഒന്നാകണം തദ്ദേശസ്ഥാപനതല അതിദാരിദ്ര്യ ഉപപദ്ധതി. അതിദരിദ്രർക്ക് അടിസ്ഥാന ജീവിതസാഹചര്യം ഒരുക്കൽ, വിദ്യാഭ്യാസം ആരോഗ്യ സേവനങ്ങൾ, ചികിത്സ, ഭക്ഷണം, രേഖകൾ എന്നിവ ലഭ്യമാക്കൽ, തൊഴിൽ ലഭ്യമാക്കൽ, സംരംഭക പിന്തുണ ലഭ്യമാക്കൽ, തുടങ്ങിയ ഓരോ കാര്യങ്ങളും വിവിധ വകുപ്പുകൾക്ക് ചെയ്യാവുന്ന പ്രവർത്തനങ്ങളുടെ ഒരു കരട് ലിസ്റ്റ് അനുബന്ധമായി നൽകിയിരിക്കുന്നു (അനുബന്ധം 2). പട്ടികജാതി ഉപപദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി, വനിതാ ഘടകപദ്ധതി, വയോജനങ്ങൾക്കും കുട്ടികൾക്കുമായുള്ള പ്രത്യേക പദ്ധതികൾ എന്നിവയെ അതിദാരിദ്ര്യ മൈക്രോപ്ലാനുകളുമായി ബന്ധിപ്പിക്കുന്നതിനു മേൽ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ അദ്ധ്യക്ഷർ, കൺവീനർമാർ, ഉപാദ്ധ്യക്ഷർ എന്നിവർ ഉൾപ്പെട്ട ഒരു കോർഡിനേഷൻ ടീം രൂപീകരിക്കണം. ഈ കോർഡിനേഷൻ ടീമിൻ്റെ കൺവീനർ ആയി തദ്ദേശസ്ഥാപനസെക്രട്ടറിയും ഉപകൺവീനറായി തല അതിദാരിദ്ര്യ നിർമ്മാർജ്ജനാനന്തര പദ്ധതിയുടെ നോഡൽ ഓഫീസറും പ്രവർത്തിക്കണം. ഇതോടൊപ്പം തദ്ദേശ സ്ഥാപനങ്ങളിലെ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെയും കൺവീനർമാരെയും അദ്ധ്യക്ഷരെയും ഉപാദ്ധ്യക്ഷരെയും ഉൾപ്പെടുത്തണം. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഘടകങ്ങൾ ഉൾപ്പെടുത്താൻ ഇത് ആവശ്യമാണ്.

### 3.2.3. മൈക്രോപ്ലാനുകളെ പദ്ധതികൾ, വകുപ്പുകൾ, സ്കീമുകൾ എന്നിവയുമായി ബന്ധിപ്പിക്കൽ.

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പ്രധാനമായു നാല് മാനദണ്ഡങ്ങൾ ആണ് പരിഗണിച്ചിട്ടുള്ളത്. ഭക്ഷണം, ആരോഗ്യം, വരുമാനം, വാസസ്ഥലം എന്നിവയാണവ. ഓരോ ക്ലേശഘടകവും അതിജീവിയ്ക്കുന്നതിന് അതിദരിദ്ര കുടുംബങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് അതത് തദ്ദേശ സ്ഥാപനങ്ങൾക്ക് പൊതുകാഴ്ച്ചപ്പാടിനനുസൃതമായ സ്വാതന്ത്ര്യം നൽകാവുന്നതാണ്. ഉദാഹരണത്തിന്, ഭക്ഷണം മാനദണ്ഡം ആയ ഒരു കുടുംബത്തിന് ഏത് തരത്തിലുള്ള ഭക്ഷണം ആണ് ആവശ്യം എന്ന് നിർണ്ണയിയ്ക്കുന്നതിനുള്ള ചുമതല ആരോഗ്യ വകുപ്പിലെയും വനിതാ-ശിശുവികസന വകുപ്പിലെയും കുടുംബശ്രീയിലെയും ഉദ്യോഗസ്ഥർക്ക് നൽകാവുന്നതാണ്. ഓരോ കുടുംബത്തിലെയും അംഗങ്ങളുടെ ലിംഗം, പ്രായം, ആരോഗ്യ സ്ഥിതി മുതലായവ പരിശോധിച്ച് നിർണ്ണയിയ്ക്കുന്ന ഭക്ഷണക്കിറ്റ്/പാകം ചെയ്ത ഭക്ഷണം അതത് കുടുംബത്തിന് നൽകുന്നതിന് വേണ്ടിയുള്ള അധികാരം അതത് തദ്ദേശ സ്ഥാപനത്തിന് നൽകുകയാണെങ്കിൽ ഓരോ അതിദരിദ്ര കുടുംബത്തിനും ആവശ്യമുള്ള ഭക്ഷണം ഉറപ്പാക്കുവാൻ കഴിയും. സമാനമായ രീതിയിൽ ആരോഗ്യ സംബന്ധമായ സേവനങ്ങൾക്ക് ഓരോ അതിദരിദ്രർക്കും യഥാർത്ഥത്തിൽ ആവശ്യമുള്ള മരുന്നുകൾ, ആരോഗ്യ ഉപകരണങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനും കഴിയും. വാസസ്ഥലവുമായി

ബന്ധപ്പെട്ട് ഓരോ കുടുംബത്തിനും നൽകേണ്ട കുറഞ്ഞ തറവിസ്തീർണ്ണം പരിമിതപ്പെടുത്താതെ ഓരോ കുടുംബത്തിലെയും അംഗങ്ങളുടെ എണ്ണം മനസ്സിലാക്കി അതിന് അനുസരിച്ച് കുറഞ്ഞ തറവിസ്തീർണ്ണം നിശ്ചയിയ്ക്കുന്നത് ആണ് ഉചിതം.

### 3.2.4. ഉപജീവന പദ്ധതികൾ തയ്യാറാക്കൽ

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി 1.0-ൽ ഉൾപ്പെടുത്തി കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കിയ 'ഉജ്ജീവനം' പദ്ധതി മുഖേനയും തദ്ദേശ സ്ഥാപനങ്ങൾ നേരിട്ടും, വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് അതിദരിദ്ര കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകിയിരുന്നു. എന്നാൽ പല അതിദരിദ്ര കുടുംബങ്ങളിലെയും അംഗങ്ങളുടെ ആരോഗ്യപരമായ പരിമിതികൾ മൂലം അവർക്ക് സ്വന്തമായി വരുമാനദായക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ, നിലവിൽ വിജയകരമായി പ്രവർത്തനം നടത്തുന്ന ഗ്രൂപ്പുകളിൽ അംഗങ്ങളായി ഇവരെ ചേർക്കുന്നതിനും അവശത അനുഭവിയ്ക്കുന്നവർക്കും ഏറ്റെടുക്കുവാൻ കഴിയുന്ന പ്രവൃത്തികൾ അവർക്ക് നൽകി അവരെ ചേർത്ത് പിടിയ്ക്കുകയും വേണം. കൂടാതെ, ടി അതിദരിദ്രരെ ചേർക്കുവാൻ സന്നദ്ധതയുള്ള ഗ്രൂപ്പുകൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിന് പ്രത്യേക സഹായം നൽകാവുന്നതുമാണ്.

അതിദരിദ്രർക്കായുള്ള ഉപജീവന പദ്ധതികൾ തയ്യാറാക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച ഒരു സംഘത്തെ കുടുംബശ്രീ എല്ലാ ബ്ലോക്കിലും തയ്യാറാക്കണം. കുടുംബശ്രീ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുകൾ, വനിതാ വികസന കോർപ്പറേഷൻ, പിന്നാക്ക-മുന്നാക്ക വികസന കോർപ്പറേഷനുകൾ, ന്യൂനപക്ഷ വികസന കോർപ്പറേഷൻ, വികലാംഗ ക്ഷേമ കോർപ്പറേഷൻ, വ്യവസായ വകുപ്പ്, തുടങ്ങി വിവിധ ഏജൻസികൾ വകുപ്പുകൾ എന്നിവയുടെ സംരംഭക പദ്ധതികൾ ഇവർ വിശദമായി പഠിക്കണം. അവയുടെ വിശദാംശങ്ങൾ നൽകുന്ന ഒരു കൈപ്പുസ്തകം പരിശീലനങ്ങളുടെ ഭാഗമായി നൽകും. ഇവയെ അടിസ്ഥാനമാക്കി ഓരോ കുടുംബത്തിന്റെയും സാഹചര്യങ്ങൾ പരിഗണിച്ചാകണം ഉപജീവന പദ്ധതികൾ തയ്യാറാക്കേണ്ടത്.

കൃഷിയോഗ്യമല്ലാത്ത ഭൂമികൾ കൈവശമുണ്ട് എന്ന കാരണത്താൽ ഒരു ആനുകൂല്യവും ലഭിയ്ക്കാത്ത അതിദരിദ്രർക്ക് പ്രത്യേക പരിഗണന നൽകി അവർക്ക് ആവശ്യമുള്ള ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിയ്ക്കാവുന്നതാണ്. ടി കുടുംബങ്ങൾക്ക് തേനീച്ച കൃഷി പോലെയുള്ള കൃഷികളിലേക്ക് വേണ്ട സഹായങ്ങളും പരിശീലനങ്ങളും നൽകി നയിക്കുന്നത് പ്രസ്തുത കുടുംബങ്ങൾക്ക് ഒരു വരുമാന മാർഗ്ഗം നൽകുന്നതിന് ഉപകരിയ്ക്കും. ഇത്തരം സാഹചര്യങ്ങളിൽ കൃഷികൾക്ക് വേണ്ട അനുബന്ധ കൃഷി സൗകര്യങ്ങൾ കൂടി ഒരുക്കി നൽകുന്നത് പ്രയോജനപ്രദമായിരിയ്ക്കും.

ഉപജീവന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദാംശങ്ങൾ തയ്യാറാക്കാൻ ഡിപ്പാർട്ട്മെൻ്റുകൾ, ഏജൻസികൾ, വികസന കോർപ്പറേഷനുകൾ എന്നിവരുടെ

ശിൽപ്പശാലകൾ കിലയുടെ നേതൃത്വത്തിൽ നടത്തി മാർഗ്ഗരേഖകൾ പുറത്തിറക്കുന്നതാണ്

### 3.2.5. അതിദരിദ്ര കുടുംബങ്ങൾക്ക് സംരംഭങ്ങൾക്ക് പുറമേയുള്ള തൊഴിൽ സാധ്യതകൾ

അതിദരിദ്ര കുടുംബങ്ങളിൽ പലർക്കും സംരംഭങ്ങൾ നടത്തുന്നതിനുള്ള പരിമിതികൾ ഉണ്ടാകാം. ഇത്തരം സാഹചര്യങ്ങളിൽ അവർക്ക് അതാത് പ്രദേശങ്ങളിൽ വേതനാധിഷ്ഠിതമോ കരാർ അധിഷ്ഠിതമോ ആയ തൊഴിലുകളിൽ ഏർപ്പെടുന്നതിനുള്ള സാധ്യതകൾ ഒരുക്കുന്നതിന് ശ്രമിക്കണം. 'വിജ്ഞാനകേരളം' പദ്ധതി പോലുള്ള വേതനാധിഷ്ഠിത തൊഴിൽ സാധ്യതകൾക്കുള്ള പദ്ധതികളും, പ്രാദേശിക തൊഴിൽ മേളകളുമായി ഇവരുടെ ആവശ്യങ്ങളെ ബന്ധിപ്പിക്കണം. അതത് തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽ കേന്ദ്രങ്ങൾ ജോബ് സ്റ്റേഷനുകൾ എന്നിവയുമായി ബന്ധിപ്പിക്കാൻ കഴിയണം. സർക്കാർ, അർദ്ധസർക്കാർ,കുടുംബശ്രീ സംവിധാനങ്ങൾക്കകത്ത് താൽക്കാലിക തൊഴിൽ നൽകുന്നതിനുള്ള സാധ്യതകളും ഈ സാഹചര്യത്തിൽ പരിശോധിക്കണം.

### 3.2.6. നൈപുണീ വികസനവും തൊഴിൽ സാധ്യതകളും

അതിദരിദ്ര കുടുംബങ്ങളിൽ നൈപുണീ വികസനത്തിലൂടെ തൊഴിൽ നൽകാവുന്ന തൊഴിൽ ശേഷിയുള്ളവരുള്ളവരെ മൈക്രോപ്ലാനുകളുടെ ഭാഗമായി പട്ടികപ്പെടുത്തണം. ഇത്തരത്തിലുള്ളവരുടെ പട്ടിക തദ്ദേശസ്ഥാപനതലത്തിൽ തയ്യാറാക്കി അവർക്കുള്ള നൈപുണീ വികസന പരിപാടികൾ വിജ്ഞാനകേരളവുമായി ബന്ധിപ്പിച്ചും, NRLM, NULM, DDUGKY, ASAP, CASE തുടങ്ങിയ വിവിധ സംവിധാനങ്ങളുമായി ബന്ധിപ്പിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തയ്യാറാക്കാം.

### 3.2.7. സേവനങ്ങൾ സുസ്ഥിരമായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ

അതിദരിദ്ര കുടുംബങ്ങൾക്ക് മരുന്ന്, ഭക്ഷണം തുടങ്ങിയവ എത്തിക്കൽ, ചികിത്സ ലഭ്യമാക്കൽ, ദൈനംദിന ക്ഷേമം ഉറപ്പാക്കൽ, സാന്ത്വന പരിചരണം നൽകൽ മുതലായവയെല്ലാം സുസ്ഥിരമായി നിലനിർത്തുക എന്നത് ഒരു നിർണായക വെല്ലുവിളിയാണ്. ഇതിനെ മറികടക്കണമെങ്കിൽ തദ്ദേശ സ്ഥാപനതല/വാർഡ്തല ചുമതലക്കാരും, സന്നദ്ധ സംവിധാനവും ഇഴ ചേർന്ന് പ്രവർത്തിക്കുന്ന ഒരു സ്ഥായിയായ സംവിധാനം ഉണ്ടാകണം. ഇതോടൊപ്പം താഴെപ്പറയുന്ന വിഭാഗങ്ങൾക്ക് അതത് മേഖലകളിലെ ചുമതലകൾ നൽകുകയും ആകാം.

- **ആശാവർക്കർമാർ:** മരുന്നുകൾ എത്തിക്കൽ, ആരോഗ്യസ്ഥിതി മോണിറ്ററിങ്

- **ജനകീയ ആരോഗ്യ കേന്ദ്രം JPHN, JHI, MLSP (മൾട്ടി ലെവൽ സർവീസ് പ്രൊവൈഡേഴ്സ്):** ആരോഗ്യസ്ഥിതി മോണിറ്ററിങ്, സാന്ത്വന പരിചരണ സംവിധാനത്തെ ബന്ധിപ്പിക്കൽ, മരുന്നുകൾ എത്തിക്കൽ.

- **പാലിയേറ്റീവ് കെയർ, കെയർ കേരള ടീം:** സാന്ത്വന പരിചരണം, കൂട്ടിരിപ്പ്.

- **കുടുംബശ്രീ സാന്ത്വന മിത്രം ടീം:** കൂട്ടിരിപ്പ്, ആശുപത്രികളിൽ എത്തിക്കൽ, പരിചരണം (ഇവർക്ക് വേണ്ട മിനിമം പ്രതിഫലം വീടുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കുടുംബശ്രീ വഴി അതിദാരിദ്ര്യ ഉപപദ്ധതിയുടെ ഭാഗമായി നൽകാവുന്നതാണ്),

- **കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, സംരംഭങ്ങൾ:** ഭക്ഷണം എത്തിക്കൽ, പരിചരണം. (ഭക്ഷണം പാചകം ചെയ്യുന്നതിനും എത്തിക്കുന്നതിനുമുള്ള ചെലവുകൾ തദ്ദേശസ്ഥാപനത്തിന് അതിദാരിദ്ര്യ ഉപപദ്ധതിയുടെ ഭാഗമായി കുടുംബശ്രീക്ക് നൽകാവുന്നതാണ്).

- **പട്ടികജാതി-പട്ടികവർഗ്ഗ പ്രമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സ്:** പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ കാര്യത്തിൽ മേൽ സൂചിപ്പിച്ച സേവനങ്ങൾ ലഭ്യമാകുന്നു എന്ന് അതാത് സേവനദാതാക്കളുമായി ബന്ധപ്പെട്ട് ഉറപ്പാക്കേണ്ട ചുമതല പട്ടികജാതി-പട്ടികവർഗ്ഗ പ്രമോട്ടർമാർക്ക് കൂടി നൽകണം

- **അങ്കണവാടി ജീവനക്കാർ:** പോഷകാഹാര മോണിറ്ററിങ്, അങ്കണവാടി പരിധിയിലെ പോഷണ കുറവുള്ള കുട്ടികൾ, അമ്മമാർ എന്നിവർക്ക് പോഷകാഹാരം ഉറപ്പാക്കൽ.

- **തൊഴിലുറപ്പ് എഞ്ചിനീയർമാർ, മേറ്റുമാർ:** തൊഴിൽ ശേഷിയുള്ള കുടുംബാംഗങ്ങളെ തൊഴിൽ ഉറപ്പുമായി ബന്ധിപ്പിക്കുക.

- **സന്നദ്ധ സേന, RRT അംഗങ്ങൾ:** ഭക്ഷണം, മരുന്ന് എന്നിവ എത്തിക്കൽ, ആശുപത്രിയിൽ എത്തിക്കൽ, കൂട്ടിരിപ്പ്, സേവനങ്ങൾ ലഭ്യമാക്കൽ.

- **വന സംരക്ഷണ സമിതി, വനം വാച്ചർമാർ:** ഭക്ഷണം, മരുന്ന് എന്നിവ എത്തിക്കൽ, ആശുപത്രിയിൽ എത്തിക്കൽ, കൂട്ടിരിപ്പ് സേവനങ്ങൾ ലഭ്യമാക്കൽ.

- **കുടുംബശ്രീ ട്രൈബൽ പ്രൊജക്ട് ആനിമേറ്റർമാർ:** ഭക്ഷണം, മരുന്ന് എന്നിവ എത്തിക്കൽ, ആശുപത്രിയിൽ എത്തിക്കൽ, കൂട്ടിരിപ്പ് സേവനങ്ങൾ ലഭ്യമാക്കൽ.

- **ഫിഷറീസ് സബ് ഇൻസ്പെക്ടർ:** തീരദേശ മേഖലയിൽ അതിദരിദ്രർക്ക് ലഭ്യമാകേണ്ട സേവനങ്ങളുൾ ഉറപ്പാക്കൽ

- **ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ, ഐടിഡിപി പ്രൊജക്ട് ഓഫീസർമാർ:** തങ്ങളുടെ ചുമതലയുള്ള മേഖലകളിൽ പട്ടികവർഗ്ഗ ഉന്നതികളിൽ അതിദരിദ്ര കുടുംബങ്ങളിലേക്ക് സേവനങ്ങൾ എത്തുന്നു എന്ന് ഉറപ്പാക്കാൽ.

- **ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ:** തങ്ങൾക്ക് ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികവർഗ്ഗ പ്രമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ സേവനങ്ങൾ അതിദരിദ്ര കുടുംബങ്ങളിലേക്ക് എത്തുന്നു എന്ന് ഉറപ്പാക്കൽ.

- **ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാർ/അസിസ്റ്റൻറ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാർ/ ഫിഷറീസ് ഓഫീസർമാർ:** മത്സ്യഭവനുകൾക്ക് കീഴിൽ വരുന്ന അതതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അതിദരിദ്ര കുടുംബങ്ങൾക്ക് വേണ്ട പിന്തുണകൾ ലഭ്യമാകുന്നുവെന്നു ഉറപ്പാക്കൽ.

- **കമ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്റർ:** ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും കമ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്റർമാർക്ക് അതിദരിദ്ര കുടുംബങ്ങളിലെ സ്ത്രീകൾക്ക് വേണ്ടിയുള്ള പദ്ധതികൾ രൂപീകരിക്കൽ, സേവനങ്ങൾ എത്തുന്നു എന്ന് ഉറപ്പാക്കുന്നതിനുള്ള ചുമതല എന്നിവ നൽകാം.

- **കമ്യൂണിറ്റി അംബാസഡർമാർ, കുടുംബശ്രീ ബ്ലോക്ക് കോർഡിനേറ്റർമാർ (ME, DDUGKY):** കമ്യൂണിറ്റി അംബാസഡർമാർക്ക് പഞ്ചായത്ത്, നഗരസഭ തലങ്ങളിൽ വേതനാധിഷ്ഠിത തൊഴിലുകൾ അതിദരിദ്ര കുടുംബങ്ങളിലെ തൊഴിൽ ശേഷിയുള്ളവർക്ക് ലഭ്യമാകുന്നുവെന്നു ഉറപ്പാക്കാം.

- **ആശ്വാസം ക്ലിനിക്ക് ചുമതലക്കാർ:** PHC കൾ/FHC കൾ വഴി അതതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അതിദരിദ്ര കുടുംബങ്ങൾക്ക് മാനസികാരോഗ്യ പരിചരണം.

- DMHP **ബ്ലോക്കുതല ക്ലിനിക്കുകൾ:** അതിദരിദ്ര കുടുംബങ്ങൾക്ക് ബ്ലോക്കുതലത്തിൽ മാനസികാരോഗ്യ പരിചരണം ലഭ്യമാക്കൽ

- **വനിതശിശുവികസന വകുപ്പിന്റെ സ്കൂൾ കൗൺസിലർമാർ:** അതതു പ്രദേശങ്ങളിലെ അതിദരിദ്ര കുടുംബങ്ങളിലെ കുട്ടികൾക്ക് മാനസികാരോഗ്യ പിന്തുണ ആവശ്യമുള്ളവർക്ക് നേരിട്ടും ഫോണിലൂടെയുമുള്ള പരിചരണം ഉറപ്പാക്കൽ.

- **ജനമൈത്രി പോലീസ്/പോലീസ്/NCC/NSS/SPC:** അതിദരിദ്ര കുടുംബങ്ങൾക്ക് അതതു പ്രദേശത്ത് ഭക്ഷണം, മരുന്ന് എന്നിവ എത്തിക്കൽ, ആശുപത്രികളിൽ എത്തിക്കൽ, മറ്റു സേവനങ്ങൾ ലഭ്യമാക്കൽ.

- **മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ:** ഫാമിലി അഡോപ്ഷൻ പ്രോഗ്രാമിന്റെ ഭാഗമായി അടുത്തുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അതിദരിദ്ര കുടുംബങ്ങൾക്ക് ചികിത്സാ സേവനങ്ങൾ നൽകാം. ഈ രീതിയിൽ ഒരു വിദ്യാർത്ഥിക്ക് മൂന്നു വീടുകളുടെ ചുമതല നൽകാം.

- **സോഷ്യൽ വർക്ക് വിദ്യാർത്ഥികളുടെ ഫീൽഡ് പ്രവർത്തനങ്ങൾ:** ഓരോ പ്രദേശങ്ങളിലെയും സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെൻറ് ഉള്ള കോളേജുകളിലെ ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് സമീപപ്രദേശങ്ങളിലെ അതിദരിദ്ര കുടുംബങ്ങൾക്ക് ആവശ്യമുള്ള സഹായങ്ങൾ എത്തിക്കുന്നതിനുള്ള ചുമതലകൾ നൽകാം. അതിദരിദ്ര കുടുംബങ്ങൾക്ക് വേണ്ടിയുള്ള മൈക്രോപ്ലാൻ തയാറാക്കുന്നതിനും ഇവരുടെ പിന്തുണ തേടാം.

### 3.2.8. സ്ഥാപന സംവിധാനങ്ങൾ കണ്ടെത്തലും ശക്തിപെടുത്തലും

അതിവാർദ്ധക്യത്തിൽ എത്തിയ ഒറ്റപ്പെട്ട വ്യക്തികൾ മാത്രമുള്ള കുടുംബങ്ങൾ, മാനസികാരോഗ്യ പ്രശ്നമുള്ള ഒറ്റപ്പെട്ട വ്യക്തികൾ മാത്രമുള്ള കുടുംബങ്ങൾ, പരിചരിക്കാൻ ആരുമില്ലാത്ത കിടപ്പുരോഗികളോ ഭിന്നശേഷിക്കാരോ ഉള്ള കുടുംബങ്ങൾ, വേണ്ടത്ര പരിചരണം ലഭിക്കാത്ത അനാഥരായ കുട്ടികളുള്ള കുടുംബങ്ങൾ എന്നിവർക്കായി വനിതാ ശിശു വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, മുതലായവ നടത്തുന്ന സ്ഥാപങ്ങളിലോ മേൽവകുപ്പുകളുടെ അംഗീകാരം ഉള്ള സ്വകാര്യ സ്ഥാപനങ്ങളിലോ പുനരധിവാസം ആലോചിക്കേണ്ടതാണ്. ഇതിനായി ഓരോ ബ്ലോക്ക്, നഗരസഭാ തലങ്ങളിലും സർക്കാർ, സർക്കാർ അംഗീകൃത സ്ഥാപനങ്ങളുടെ പട്ടിക തയാറാക്കണം. തദ്ദേശ സ്ഥാപനതല നോഡൽ ഓഫീസർമാർ ആയിരിക്കണം അതതു വകുപ്പുകളുമായി ബന്ധപെട്ടു പ്രസ്തുത സേവനങ്ങൾ ഏകോപിപ്പിക്കേണ്ടത്. ഇവയുടെ വിവരങ്ങൾ അതതു പ്രദേശത്തെ തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കണം. ഇത്തരം സർക്കാർ സ്ഥാപനങ്ങൾക്ക് അതിദരിദ്രരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, നഗരസഭ എന്നിവയ്ക്ക് പണം ചിലവഴിക്കാവുന്നതാണ്. പുതിയ സംവിധാനം ഒരുക്കുക എന്നതിനു പകരം നിലവിലുള്ള സംവിധാനങ്ങളെ പുനരധിവാസത്തിന് ഉപയോഗിക്കുക എന്നതാണ് പിന്തുടരാവുന്ന മാതൃക.

എന്നാൽ പുനരധിവസിപ്പിക്കേണ്ടവരുടെ എണ്ണം കൂടുതലാണെങ്കിൽ ബ്ലോക്ക്, ജില്ല, നഗരസഭാ തലങ്ങളിൽ ആവശ്യമായ പുതിയ സ്ഥാപന സൗകര്യങ്ങൾ സർക്കാർ അംഗീകാരത്തോടു കൂടി നഗരസകൾക്കും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും ഒരുക്കാവുന്നതാണ്. ഉദാഹരണമായി തെരുവോരങ്ങളിൽ കഴിയുന്ന അതിദരിദ്രരെ പാർപ്പിയ്ക്കുന്നതിന് കോഴിക്കോട് നഗരസഭയിൽ നടപ്പാക്കിയ 'ഉദയം' മാതൃകയിൽ ഷെൽട്ടർ ഹോമുകൾ സ്ഥാപിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തി നൽകാവുന്നതാണ്. തദ്ദേശ സ്ഥാപനങ്ങൾ അവരുടെ പ്ലാൻ വിഹിതം ഉപയോഗിച്ചും സാമൂഹ്യനീതി

വകുപ്പിന്റെ പ്ലാൻ തുക, സി.എസ്.ആർ. ഫണ്ട് എന്നിവ സംയോജിപ്പിച്ചും ഷെൽട്ടർ ഹോമുകൾ, അനുബന്ധ സൗകര്യങ്ങൾ എന്നിവ സ്ഥാപിച്ച് നൽകാവുന്നതാണ്.

തുടർച്ചയായ മാനസികാരോഗ്യ ചികിത്സ ആവശ്യമുള്ളവരുടെ കാര്യത്തിൽ ആശ്വാസം ക്ലിനിക്കുകൾ വഴിയും DMHP ബ്ലോക്ക് മുനിസിപ്പൽ തല ക്ലിനിക്കുകൾ വഴിയും റഫർ ചെയ്തു സംസ്ഥാനത്തെ മാനസിക ചികിത്സാ സൗകര്യമുള്ള കേന്ദ്രങ്ങളിലേക്ക് വ്യക്തികളെ എത്തിക്കാനുള്ള പിന്തുണ നോഡൽ ഓഫീസർമാർ അതതു തദ്ദേശ സ്ഥാപനങ്ങളിലെ ആരോഗ്യവകുപ്പിലെ പ്രവർത്തകരുടെ സഹായത്തോടെ ചെയ്യണം. അവശ്യഘട്ടങ്ങളിൽ ജനമൈത്രി പോലീസിന്റെ സഹായവും തേടാവുന്നതാണ്.

### 3.2.9. സന്നദ്ധ സേവനത്തിന് വാർഡ് - തദ്ദേശ സ്ഥാപനതല സംവിധാനം

മേൽ സൂചിപ്പിച്ച ഔദ്യോഗിക സംവിധാനങ്ങൾക്ക് ചുമതല വിഭജനം നടത്തുന്നതിന് പുറമെ ഓരോ തദ്ദേശ സ്ഥാപനത്തിനും അതിദരിദ്രർക്ക് സേവനം നൽകാൻ തയ്യാറുള്ള ഒരു വളണ്ടറി ബാങ്ക് രൂപീകരിക്കാം. നിലവിലെ സന്നദ്ധസേനയുടെ പോർട്ടലിൽ ഇതിനായി ഒരു ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഒരുക്കും. ഇതിന് 'അതിദാരിദ്ര്യ നിർമ്മാർജ്ജന സേവന സേന' എന്ന് നാമകരണം നൽകാം. ഇവയിൽ സർവ്വീസ് പെൻഷനേഴ്സ് പ്രതിനിധികൾ, കോളേജ് വിദ്യാർത്ഥികൾ, യുവജന പ്രവർത്തകർ, വായനശാലകൾ, ക്ലബുകൾ, സ്കൂൾ പിടിഎ, കുടുംബശ്രീ ആരോഗ്യ വളണ്ടിയർമാർ, സഹകരണ മേഖലയിലെ പ്രവർത്തകർ, പുരുഷ സ്വാശ്രയ അംഗങ്ങളുടെ പ്രതിനിധികൾ, വിവിധ സംഘടനാ പ്രതിനിധികൾ, പ്രവാസി കൂട്ടായ്മകൾ, വയോജന കൂട്ടായ്മകൾ എന്നിവർക്കെല്ലാം ഇടം നൽകാം. വാർഡ് തലത്തിൽ ചുരുങ്ങിയത് 5 പേർ അടങ്ങുന്ന ഒരു ടീം രൂപീകരിക്കാം. വാർഡ് - തദ്ദേശ സ്ഥാപനതല നോഡൽ ഓഫീസർമാർക്ക് ഇതിൻറെ തദ്ദേശ സ്ഥാപനതല ഏകോപന ചുമതലയും, ആശാ പ്രവർത്തകർ അല്ലെങ്കിൽ ഏതെങ്കിലും അങ്കണവാടി വർക്കർമാർക്ക് വാർഡ് തല ഏകോപന ചുമതലയും നൽകാം.

## 3.3. അതിദാരിദ്ര്യത്തിൽ നിന്നും പുറത്തുവന്ന കുടുംബങ്ങളെ പട്ടികയിൽ നിന്നും ഒഴിവാക്കൽ

മൈക്രോപ്ലാനിന്റെ പൂർണമായ നിർവഹണം ഉറപ്പുവരുത്തുന്നതോടൊപ്പം തന്നെ അതിദാരിദ്ര്യ മുക്തരായി കുടുംബങ്ങളെ പ്രഖ്യാപിക്കുമ്പോൾ താഴെ പറയുന്ന അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാണ് എന്നുമുറപ്പാക്കണം.

- സുസ്ഥിരമായ ഭക്ഷണ ലഭ്യത
- ചികിത്സ, സാന്ത്വന പരിചരണം
- ആധാർ കാർഡ്, റേഷൻകാർഡ് മുതലായ അടിസ്ഥാന രേഖകൾ

- സുരക്ഷിതമായ താമസസ്ഥലം, ഒറ്റപ്പെട്ടവരുടെ കാര്യത്തിൽ അനുയോജ്യമായ പുനരധിവാസ സൗകര്യം

- ആഹാരം, മരുന്ന്, ചികിത്സ എന്നിങ്ങനെയുള്ള സേവനങ്ങൾ സുസ്ഥിരമായി എത്തിക്കുന്നതിനുള്ള സംവിധാനം

- തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന ഒരാളെങ്കിലുമുള്ള വീടുകളിൽ ഒരാൾക്കെങ്കിലും തൊഴിലുറപ്പ് പദ്ധതിയിൽ അംഗത്വം

- ആരോഗ്യ ഇൻഷ്വറൻസ്

അടുത്ത ഘട്ടത്തിൽ, സ്വന്തമായ വരുമാന മാർഗ്ഗം ഉണ്ടാവുകയും സ്ഥിരമായി അതിദാരിദ്ര്യ മുക്തരാവുകയും ചെയ്ത കുടുംബങ്ങളെ അതിദരിദ്ര പട്ടികയിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ്. ഈ മാനദണ്ഡം അഗതിരഹിത കേരളം, ആശ്രയ പദ്ധതികൾക്കും ബാധകമാക്കാവുന്നതാണ്. ഇവയെല്ലാം ചേർത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയ്ക്ക് ഒരു എക്സിറ്റ് പ്രോട്ടോക്കോൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. അതത് വാർഡുകളിൽ വാർഡുതല സമിതികൾ ചേർന്ന് ഓരോ കുടുംബങ്ങളുടെയും അവസ്ഥ വിലയിരുത്തി അതിദാരിദ്ര്യ പട്ടികയിൽ നിന്ന് ഒഴിവാക്കാവുന്നവരുടെ പട്ടിക പ്രത്യേകം തയ്യാറാക്കണം. അത് വാർഡ് സഭകളിൽ/ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം തേടുകയും വേണം. പട്ടികയിൽ നിന്ന് ഒഴിവാക്കുന്ന കുടുംബങ്ങൾക്ക് അവർ അതിദാരിദ്ര്യത്തിലേക്ക് വീണ്ടും വീഴില്ല എന്ന് ഉറപ്പാക്കാൻ വേണ്ട അതിജീവന പദ്ധതി മൈക്രോപ്ലാൻ രൂപത്തിൽ തയ്യാറാക്കാൻ ഓരോ തദ്ദേശസ്ഥാപനത്തിനും കഴിയണം. അതത് വാർഡ്തല സമിതികൾ ഈ മൈക്രോപ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങളെ പിന്തുണക്കണം. ഈ മൈക്രോപ്ലാനുകളും തദ്ദേശ സ്ഥാപനതല ഉപപദ്ധതിയുടെ ഭാഗമാക്കണം

അതിദാരിദ്ര്യത്തിൽ നിന്ന് പുറത്തുവന്ന കുടുംബങ്ങളുടെ പട്ടിക തയാറാക്കുന്നതിനു താഴെ പറയുന്ന ഘടകങ്ങൾ അടിസ്ഥാനപരമായി ശ്രദ്ധിക്കണം.

- മേൽ സൂചിപ്പിച്ച കുടുംബങ്ങളെ അതിദരിദ്ര കുടുംബങ്ങളായി പ്രഖ്യാപിക്കാൻ കാരണമായ ക്ലേശ ഘടകങ്ങളിൽ നിന്നും അവരെ പുറത്തു കൊണ്ടു വരാൻ കഴിഞ്ഞോ ?

- മൈക്രോപ്ലാനിൽ അതിദരിദ്ര കുടുംബങ്ങൾക്ക് വേണ്ടി നിർദ്ദേശിച്ച പ്രവർത്തനങ്ങൾ പൂർത്തിയായോ ?

- നിർദ്ദേശിച്ച ക്ലേശഘടകങ്ങളെ മറികടക്കാൻ കഴിഞ്ഞെങ്കിലും മരണം വരെ തുടർച്ചയായ പിന്തുണ വേണ്ട വയോജനങ്ങൾ, കിടപ്പ് രോഗികൾ, ഉയർന്ന ഭിന്ന ശേഷിയുള്ളവർ തുടങ്ങിയവർ മാത്രമുള്ള കുടുംബങ്ങളാണോ?

അവസാനം സൂചിപ്പിച്ച കുടുംബങ്ങളുടെ കാര്യത്തിൽ ക്ലേശ ഘടകങ്ങളെ അതിജീവിച്ചുവെങ്കിലും മരണം വരെ തുടർച്ചയായ പിന്തുണ വേണ്ടവരാണ് എങ്കിൽ അവരെ യാന്ത്രികമായി പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടതില്ല. അതേസമയം കുടുംബത്തിലെ ഏതെങ്കിലും ഒരു അംഗത്തിന് സ്ഥിരം തൊഴിൽ ലഭ്യമാകുന്ന സാഹചര്യം ഉണ്ടാവുകയും അതിദരിദ്രരായി പരിഗണിക്കാനുള്ള ക്ലേശഘടകങ്ങളിൽ നിന്ന് കുടുംബം പുറത്ത് വരികയും ചെയ്താൽ അവരെ പട്ടികയിൽ നിന്ന് ഒഴിവാക്കാം. വാർഡു തല സമിതികൾ ചേർന്ന അതിദരിദ്രർക്കുള്ള മാനദണ്ഡങ്ങളും കുടുംബങ്ങൾക്കായി ഉണ്ടാക്കിയ മൈക്രോപ്ലാനുകളും പരിശോധിച്ച് ഗൃഹ സന്ദർശനങ്ങൾ നടത്തി വേണം ഗ്രാമസഭകൾക്ക് വേണ്ടിയുള്ള പട്ടികകൾ തയാറാക്കേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനതല സോഷ്യൽ ഓഡിറ്റ് സമിതികൾ ഈ വീടുകൾ സന്ദർശിച്ച് തയാറാക്കുന്ന റിപ്പോർട്ടുകളും വാർഡുതല സമിതികൾ പരിഗണിക്കണം. വാർഡുതല സമിതി നിർദ്ദേശങ്ങൾ, ഗ്രാമസഭ നിർദ്ദേശങ്ങൾ, സോഷ്യൽ ഓഡിറ്റ് നിർദ്ദേശങ്ങൾ എന്നിവ പരിഗണിച്ച് വേണം അതിദാരിദ്ര്യത്തിൽ നിന്നും പുറത്ത് വരുന്ന കുടുംബങ്ങളുടെ അന്തിമ പട്ടിക തയാറാക്കി പ്രസിദ്ധീകരിക്കേണ്ടത് .

ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിശദാംശങ്ങൾ സംസ്ഥാന അതിദാരിദ്ര്യ നിർവഹണ സെൽ പിന്നീട് പുറത്തിറക്കുന്നതായിരിക്കും.

## 4. അതിദാരിദ്ര്യപട്ടിക പുതുക്കൽ

ദാരിദ്ര്യം എന്നതു നിരന്തരം മാറിക്കൊണ്ടിരിക്കുന്ന അവസ്ഥ ആയതിനാൽ അതിദാരിദ്ര്യ നിർണയവും അതിൽ നിന്നും മുക്തരാക്കാനുള്ള പ്രക്രിയയും നിശ്ചിത ഇടവേളകളിൽ നടക്കേണ്ടുന്ന ഒന്നായാണ് സർക്കാർ കരുതുന്നത്. അതിനാൽ 2022 ലെ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയ്ക്ക് ശേഷം ആ അവസ്ഥയിലേക്ക് വന്ന കുടുംബങ്ങളെയും ഏതെങ്കിലും കാരണത്താൽ ആദ്യ ഘട്ടത്തിൽ ഉൾപ്പെടാതെ പോയവരെയും പട്ടികയിൽ കൊണ്ടുവന്നു അതിദാരിദ്ര്യ മുക്തരാക്കാൻ സർക്കാർ ശ്രമിക്കുന്നു. ഇതോടൊപ്പം, ആദ്യ പ്രക്രിയയിൽ കരട് പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളെ ഒന്നുകൂടി വിലയിരുത്തി അവരിൽ അർഹരായവരെ കൂടി പുതിയ പട്ടികയിൽ കൊണ്ടുവരേണ്ടതുണ്ട്. ഇതിനായുള്ള പ്രക്രിയയാണ് താഴെ നിർദ്ദേശിക്കുന്നത്.

### 4.1. പുതുതായി അതിദാരിദ്ര്യാവസ്ഥയിലേക്ക് വന്ന കുടുംബങ്ങളെ കണ്ടെത്തലും ഉൾചേർക്കലും

2021-2022 ൽ അതിദാരിദ്ര്യ നിർണയ പ്രക്രിയ നടത്തി 64006 കുടുംബങ്ങളെ കണ്ടെത്തിയ ശേഷം അതിദാരിദ്ര്യാവസ്ഥയിലേക്ക് പുതുതായി കുടുംബങ്ങൾ വന്നിരിക്കാം. ദാരിദ്ര്യം എന്നത് നിരന്തരം മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് എന്നതാണ് ഇതിനു കാരണം. ഈ പശ്ചാത്തലത്തിൽ 2021-2022 ൽ നടത്തിയതിനു സമാനമായി പുതിയ അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള ഒരു പ്രക്രിയ 2026-ൽ നടത്തുന്നതിനു സർക്കാർ തയ്യാറെടുക്കുകയാണ്. കാലക്രമത്തിൽ ഇത് മൂന്നു വർഷത്തിൽ ഒരിക്കലെങ്കിലും നടക്കുന്ന തുടർപ്രക്രിയയായി മാറേണ്ടതാണ്. ഈ കാലഘട്ടത്തിനിടയിൽ രോഗങ്ങൾ,

അപകടങ്ങൾ മുതലായ അപ്രതീക്ഷിത ആഘാതങ്ങൾ മൂലം അതിദാരിദ്ര്യാവസ്ഥയിലേക്ക് എത്തുന്ന കുടുംബങ്ങൾക്ക് പുതിയ നിർണ്ണയ പ്രക്രിയയ്ക്കിടയിലുള്ള ഇടവേളയിൽ പിന്തുണ നൽകേണ്ടുന്ന ഉത്തരവാദിത്തം വാർഡു സമിതികൾ, ഗ്രാമ/വാർഡു സഭകൾ, എന്നിവയുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം. ഇതോടൊപ്പം നിലവിലെ അതിദാരിദ്ര്യ പട്ടികയിൽ അതിദാരിദ്ര്യത്തിൽ നിന്ന് പുറത്തുകടന്ന കുടുംബങ്ങളുടെ അവസ്ഥ വിലയിരുത്തി അതിദാരിദ്ര്യത്തിൽ നിന്ന് പുറത്തുകടന്നു എന്ന് ഉറപ്പാക്കികൊണ്ട് ഒഴിവാക്കുന്നതിനുള്ള ഇടപെടലുകളും ഓരോ വർഷവും നിർവഹിക്കേണ്ടിവരും. അതിദാരിദ്ര്യ പട്ടികയിലേക്ക് പുതിയ കുടുംബങ്ങളെ ഉൾചേർക്കുന്നതിനു താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 4.1.1. പുതിയ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിന വിപുലമായ പ്രചാരണ പരിപാടി

പൊതുസമൂഹത്തെ മുഴുവനും വിവിധ സാമൂഹ്യ വിഭാഗങ്ങൾക്കും അതിദരിദ്രരെ സംബന്ധിച്ച വിവരം നൽകുന്ന വ്യാപകമായ വിവരവിനിമയ പ്രവർത്തനം സംസ്ഥാന, ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കണം. ഇതിനായി താഴെ പറയുന്ന രീതികൾ അവലംബിക്കാം.

- പത്ര പരസ്യങ്ങൾ
- മുൻനിര, പ്രാദേശിക ചാനലുകളിലൂടെയുള്ള പരസ്യങ്ങൾ
- ഓൺലൈൻ മാധ്യമങ്ങളിലൂടെയുള്ള അറിയിപ്പുകൾ

ഈ അറിയിപ്പുകളിൽ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ മാനദണ്ഡങ്ങൾ, റിപ്പോർട്ട് ചെയേണ്ട രീതി, ഉൾചേർക്കൽ പ്രക്രിയ എങ്ങനെ തുടങ്ങിയ വിവരങ്ങൾ പങ്കുവയ്ക്കണം.

### 4.1.2. ഹെൽപ്പ് ലൈൻ

അതിദരിദ്രരെ സംബന്ധിച്ച വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ഒരു ഹെൽപ്പ് ലൈൻ നമ്പർ, ഒരു വാട്സപ്പ് നമ്പർ, അതിദാരിദ്ര്യമുക്ത കേരളം പോർട്ടലിലൂടെയുള്ള റിപ്പോർട്ടിംഗ് സംവിധാനം എന്നിവ ഒരുക്കുന്നതാണ്. പ്രക്രിയയുടെ ഭാഗമായി ഒഴിവാക്കപെട്ടവരുടെ പരാതിയും ഇതേ സംവിധാനത്തിലൂടെ സ്വീകരിക്കാം.

### 4.1.3. നിലവിലുള്ള സമാനസ്വഭാവമുള്ള പട്ടികകളുടെ പരിശോധന

പുതിയ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്ന പട്ടികയുടെ തുടക്കത്തിൽ അതിദരിദ്രർ ഉണ്ടാവാൻ സാധ്യതയുള്ള നിലവിലുള്ള വിവിധ പട്ടികകളെ വാർഡ്തല സമിതികൾ ചേർന്ന് വിലയിരുത്തണം. ഇവയിൽ താഴെ പറയുന്ന പട്ടികകൾ പരിശോധിക്കാം.

- അന്ത്യോദയ അന്നയോജന കാർഡ് ഉടമകൾ

- ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ
- പാലിയേറ്റീവ് പരിചരണം ലഭ്യമാകുന്നവർ
- ഗുരുതര രോഗങ്ങൾ ബാധിച്ചവർ
- ഭിന്നശേഷിക്കാർ
- പോഷകക്കുറവ് ഉള്ള കുട്ടികൾ ഉള്ള കുടുംബങ്ങൾ
- പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ
- വിധവ, ഭിന്നശേഷി, അവിവാഹിത, വയോജന പെൻഷനുകളുടെ ഗുണഭോക്താക്കൾ
- എൻഡോസൾഫാൻ, സിക്കിൾ സെൽ അനീമിയ ബാധിതരുടെ കുടുംബങ്ങൾ
- പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗങ്ങൾ, പ്ലാന്റേഷൻ തൊഴിലാളി കുടുംബങ്ങൾ എന്നിവർക്കിടയിൽ പത്താംതരം വരെയുള്ള കൊഴിഞ്ഞു പോക്കിനെ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ്, അല്ലെങ്കിൽ വിവിധ വകുപ്പുകൾ തയാറാക്കിയ പട്ടിക
- 2022 ലെ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ കരട് പട്ടികയിൽ ഉൾപ്പെടുകയും മാനദണ്ഡങ്ങൾ ബാധകമല്ലാത്തതിനാൽ അന്തിമ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ പട്ടിക

മേൽ സൂചിപ്പിച്ച പട്ടികകൾക്ക് പുറമേ തെരുവുകളിലും പൊതുവിടങ്ങളിലും ഉറങ്ങുന്നവർ, അലയുന്നവർ എന്നിവരെ ശുചീകരണ തൊഴിലാളികൾ, ഹരിത കർമ്മ സേനാംഗങ്ങൾ എന്നിവരുടെ സഹായത്തോടെ കണ്ടെത്തി വാർഡുതല പട്ടിക തയാറാക്കി അതതു വാർഡുതല സമിതികൾക്ക് കൈമാറണം. ഇതിന്റെ ഏകോപന ചുമതല അതതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നോഡൽ ഓഫീസർമാർ നിർവഹിക്കണം

ഓരോ വിഭാഗത്തിലും പെട്ട പട്ടികകൾ, റേഷൻകടകൾ, ആശ വർക്കർമാർ, അങ്കണവാടി വർക്കർമാർ, പട്ടികജാതി, പട്ടികവർഗ പ്രമോട്ടർമാർ, മത്സ്യഭവനുകൾ, പ്രാഥമിക/കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപന തല നോഡൽ ഓഫീസർമാർ ശേഖരിച്ച് അതതു വാർഡ്തല സമിതികൾക്ക് നൽകണം. ഈ ഡാറ്റാ ബേസ് ഏകോപിപ്പിക്കുന്നതിനും ലഭ്യമാകുന്നുവെന്നു ഉറപ്പാക്കുന്നതിനുള്ള ചുമതല സംസ്ഥാന, ജില്ലാ, ബ്ലോക്ക് തല ഏകോപനസമിതികൾക്കായിരിക്കും.

### 4.1.4. വാർഡുതല സമിതികളുടെ പ്രാഥമിക പരിശോധന

മേൽ സൂചിപ്പിച്ച പട്ടികകൾക്ക് പുറമേ ഓരോ പ്രദേശത്തുമുള്ള അതിദരിദ്രരെ സംബന്ധിച്ച് പൊതുജനങ്ങൾ, ഹെൽപ്പ് ലൈൻ സംവിധാനം, ഏക വാട്സാപ്പ് നമ്പർ, തുടങ്ങിയവയിൽ റിപ്പോർട്ട് ചെയ്ത പേരുകളും തദ്ദേശ സ്ഥാപനതല നോഡൽ ഓഫീസർമാർ വാർഡുതല പട്ടികകൾ ആക്കി അതതു വാർഡു സമിതികൾക്ക് കൈമാറണം. വാർഡുതല സമിതികൾ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ സൂചകങ്ങൾ വച്ച് പരിശോധന നടത്തി മേൽ സൂചിപ്പിച്ച പട്ടികകളിൽ നിന്ന് ഉൾപെടുത്താവുന്നവരുടെ പ്രാഥമിക പട്ടിക തയാറാക്കണം. ഈ പട്ടിക കൂടി വാർഡ്തലങ്ങളിൽ നടക്കുന്ന ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലേക്ക് കൈമാറണം.

### 4.1.5. പ്രാദേശികതല ചർച്ചകളും പട്ടിക വിപുലപെടുത്തലും

അർഹരായവരെ വിട്ടുപോകാതെ കണ്ടെത്തുന്നതിനായി വിവിധ തലങ്ങളിൽ ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കൽ

#### 4.1.5.1. ഗ്രാമതലം

**ADS തല ചർച്ചകൾ:** സംസ്ഥാനം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വച്ച് എല്ലാ കുടുംബശ്രീ അയൽക്കൂട്ടം ഭാരവാഹികളും ഉൾപ്പെടുന്ന രീതിയിൽ ADS തലത്തിൽ വിശദമായ ചർച്ചകൾ നടത്തുകയും ആവശ്യമായ തിരുത്തലുകളും കൂട്ടി ചേർക്കലുകളും വരുത്തേണ്ടതുമാണ്.

**പ്രത്യേക മേഖലകളിലെ ചർച്ചകൾ:** സാമൂഹികമായി ദുർബലരായ വിഭാഗങ്ങൾക്ക് ശരിയായ പ്രാതിനിധ്യം ലഭിക്കുന്നു എന്നുറപ്പാക്കാൻ ഓരോ മേഖലകളിലും പ്രത്യേക ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ വാർഡു തലങ്ങളിൽ നടത്തണം. പട്ടികവർഗ്ഗ/പട്ടികജാതി ഉന്നതികൾ, തീരദേശ ഗ്രാമങ്ങൾ എന്നിവിടങ്ങളിൽ ഇത്തരം പ്രത്യേക ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കാം

**വനസംരക്ഷണ സമിതി:** പട്ടികവർഗ്ഗക്കാർക്കിടയിലെ അതിദരിദ്ര കുടുംബങ്ങളുടെ വിവരങ്ങൾ ലഭ്യമാകാൻ വനസംരക്ഷണ സമിതികൾ, വന വാച്ചർമാർ, ഫോറസ്റ്റ് ഉദ്യോഗസ്ഥർ, ഊരുകൂട്ടം പ്രതിനിധികൾ, കുടുംബശ്രീ ട്രൈബൽ പ്രോജെക്റ്റ് അനിമേറ്റർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുമായുള്ള ചെറു ഗ്രൂപ്പ് ചർച്ചകളും സംഘടിപ്പിക്കാം. മത്സ്യത്തൊഴിലാളി മേഖലകളിൽ തീരമൈത്രി കൗൺസിലുകൾ, തീരമൈത്രി സംരംഭക ഗ്രൂപ്പുകൾ, ഫിഷറീസ് വകുപ്പ് ജീവനക്കാർ, മത്സ്യഫെഡിനു കീഴിലെ സഹകരണ സംഘം പ്രവർത്തകർ എന്നിവരുമായുള്ള ചെറു ഗ്രൂപ്പ് ചർച്ചകളും സംഘടിപ്പിക്കാം.

**തൊഴിലാളി ചർച്ചകൾ:** വാർഡ് തലത്തിൽ തൊഴിലുറപ്പ് തൊഴിലാളികൾക്കിടയിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തൊഴിലാളി സംഘടനകൾ, വിവിധ തൊഴിൽ ഗ്രൂപ്പുകൾ, എന്നിവരുടെ ചർച്ചകൾ സംഘടിപ്പിച്ച് വിവരങ്ങൾ ശേഖരിക്കാം

**മുഖ്യവിവരദായകരുമായുള്ള വാർഡുതല ചർച്ച**: വാർഡുതല കരട്ട പട്ടിക വച്ച് ഹരിതകർമ്മ സേനാംഗങ്ങൾ, പാലിയേറ്റീവ് പ്രവർത്തകർ, തൊഴിലുറപ്പ് പദ്ധതി മേറ്റുമാർ, അങ്കണവാടി പ്രവർത്തകർ, ജനകീയാരോഗ്യ കേന്ദ്രത്തിലെ പ്രവർത്തകർ, ADS ഭാരവാഹികൾ, റെസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, സ്കൂൾ പി. ടി. എ. ഭാരവാഹികൾ, റേഷൻ കടയുടമകൾ തുടങ്ങിയ മുഖ്യവിവരദായകരെ ഉൾപെടുത്തി എല്ലാ വാർഡുകളിലും വാർഡുതല ചർച്ചകൾ നടത്താം.

#### 4.1.5.2. നഗര മേഖല

ഗ്രാമതലത്തിൽ സൂചിപ്പിച്ചത് പോലെ കുടുംബശ്രീ അയൽക്കൂട്ട ഭാരവാഹികൾ ഉൾപ്പെടുന്ന ADS തല ചർച്ചകൾ, മത്സ്യത്തൊഴിലാളി മേഖലകളിലെ ചർച്ചകൾ, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി തൊഴിലാളി ചർച്ചകൾ, മുഖ്യവിവരദായകരുടെ ചർച്ചകൾ എന്നിവ നഗര വാർഡുകളിലും സംഘടിപ്പിക്കാം. ഇതോടൊപ്പം റെസിഡന്റ്സ് അസോസിയേഷൻ തല ചർച്ചകൾ, ചേരി സമാന സ്വഭാവമുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ചുള്ള ചർച്ചകൾ, പട്ടികജാതി ഉന്നതികൾ കേന്ദ്രീകരിച്ചുള്ള ചർച്ചകൾ, ഇതര സംസ്ഥാന തൊഴിലാളികളെ കേന്ദ്രീകരിച്ചുള്ള ചർച്ചകൾ, നഗര മേഖലയിൽ പട്രോളിങ്ങിനു പോകുന്ന ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ, വിവിധ തൊഴിലാളി ഗ്രൂപ്പുകളുമായുള്ള ചർച്ചകൾ (ശുചീകരണ തൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ, ഓട്ടോറിക്ഷ/ടാക്സി തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, തെരുവ് കച്ചവടക്കാർ, സ്വകാര്യ മാലിന്യ ശേഖരണ തൊഴിലാളികൾ, സെക്യൂരിറ്റി തൊഴിലാളികൾ), ഹോട്ടലുടമകൾ, ഹോട്ടലുടമകളുടെ സംഘടനങ്ങൾ, മാർക്കറ്റുകളിലെ വ്യാപാരി വ്യവസായി സംഘടനകൾ, എന്നിവരുടെ ഗ്രൂപ്പ് ചർച്ചകൾ നഗര വാർഡുകൾ കേന്ദ്രീകരിച്ചു നടത്താവുന്നതാണ്.

നഗരമേഖലകളിൽ നഗര ആശ വർക്കർമാർ, നഗരാരോഗ്യ കേന്ദ്രങ്ങൾ, ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ആരോഗ്യപ്രവർത്തകരെ മുഖ്യവിവരദായകരായി ഉപയോഗിക്കാം.

### 4.1.6. പട്ടികയുടെ അന്തിമരൂപം നൽകൽ

വാർഡു തലത്തിൽ മുകളിൽ സൂചിപ്പിച്ച ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടത്തിയതിനു ശേഷം ആ പട്ടികകൾ സമാഹരിച്ച് വാർഡുതല കരട്ട പട്ടിക തയാറാക്കാം. എന്യൂമറേഷൻ പ്രക്രിയയ്ക്ക് മുൻപായുള്ള അന്തിമപട്ടിക ഇതായിരിക്കും. എന്യൂമറെഷൻ, സൂപ്പർചെക്ക് എന്നിവയ്ക്ക് അതിദാരിദ്ര്യ പ്രക്രിയയ്ക്ക് നിർദ്ദേശിച്ച അതേ നടപടിക്രമങ്ങൾ പിന്തുടരാവുന്നതാണ്. എന്യൂമറെഷൻ, സൂപ്പർചെക്ക് എന്നിവയ്ക്ക് ശേഷം തയാറാക്കുന്ന കരട്ട പട്ടിക വാർഡുതല സമിതികളുടെ നേതൃത്വത്തിൽ ഗ്രാമ, വാർഡു സഭകളിൽ

അവതരിപ്പിക്കണം. മുകളിൽ നിർദ്ദേശിച്ചത് പോലെ മേൽ പട്ടികകൾ പൊതുജനാരോഗ്യകേന്ദ്രങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപന ഓഫീസുകൾ, വെബ്സൈറ്റുകൾ എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കണം. ഇതോടൊപ്പം ഈ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ള കാര്യം അങ്കണവാടികൾ, പൊതുവിതരണ കേന്ദ്രങ്ങൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളിൽ അറിയിപ്പായി നൽകണം. പരാതികൾ സ്വീകരിക്കുന്നതിനു 14 ദിവസം നൽകണം. ഏക വാട്സപ്പ് നമ്പർ, ഹെൽപ്പ് ലൈൻ സംവിധാനം, എന്നിവിടങ്ങളിലും പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഒരുക്കണം. അതതു തദ്ദേശസ്വയംഭരണ സ്ഥാപനതല ഏകോപന സമിതികൾ പരാതികൾ പരിശോധിച്ച് പട്ടികകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി ഭരണസമിതികൾക്ക് അന്തിമ അംഗീകാരത്തിനായി പട്ടിക നൽകണം .അന്തിമമായി അംഗീകരിച്ച പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപന വെബ്സൈറ്റുകളിലും ഓഫീസുകളിലും പൊതുജനാരോഗ്യ കേന്ദ്രങ്ങളിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

### 4.1.7. എന്യൂമറേഷന്റെ കാര്യക്ഷമത വർധിപ്പിക്കൽ

എന്യൂമറേഷൻ വിവരശേഖരണവും ഫീൽഡ്തല പരിശോധനയും കാര്യക്ഷമമാക്കാൻ താഴെ പറയുന്ന വിഭാഗങ്ങളെ കൂടി വാർഡുതല ടീമുകളിൽ എന്യൂമറേറ്റർമാരായി ഉപയോഗിക്കാം

വിദ്യാർത്ഥി പങ്കാളിത്തം: എൻ.എസ്.എസ് (NSS) വളണ്ടിയർമാർ, സോഷ്യൽ വർക്ക് (MSW), സാമൂഹിക ശാസ്ത്ര ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ എന്നിവരെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സമീപപ്രദേശത്തെ അക്കാദമിക സ്ഥാപങ്ങളുമായി ബന്ധപ്പെട്ടുത്തി എന്യൂമറേഷൻ വളണ്ടിയർമാരായി ഉപയോഗിക്കാം.

ഇതോടൊപ്പം അതതു വാർഡുകളിലെ റിട്ടയേർഡ് ഉദ്യോഗസ്ഥർ, സർക്കാർ ജീവനക്കാർ, കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, അതിദാരിദ്ര്യ സന്നദ്ധ സേനയിൽ രജിസ്റ്റർ ചെയ്ത വളണ്ടിയർമാർ എന്നിവരുടെ സേവനവും എന്യൂമറേഷനായി ഉപയോഗിക്കാം.

## 4.2. അഗതിരഹിത കേരളം (ആശ്രയ) കുടുംബങ്ങളുടെ വിലയിരുത്തലും അതിദാരിദ്ര്യ പട്ടികയിലേക്ക് ഉൾചേർക്കലും

2002 ൽ ആശ്രയ പദ്ധതിയായി തുടങ്ങുകയും 2017 - 2018 കാലയളവിൽ അഗതിരഹിത കേരളം എന്ന് പുനർനാമകരണം ചെയ്യതുമായ അഗതികൾ, നിരാലംബർ, എന്നിവർക്കുള്ള പദ്ധതി നിലവിലുണ്ട്. ഇതിലെ ഗുണഭോക്താക്കളുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാണ്. ഇതിൽ നിരവധിപേർ ദാരിദ്ര്യത്തിൽ നിന്ന് പുറത്തുവന്നിട്ടുണ്ടാകാം. നിരവധി കുടുംബങ്ങൾക്ക് തുടർ സഹായങ്ങൾ ആവശ്യമായും വരാം. 2022ൽ അതിദാരിദ്ര്യമുക്ത കേരളം ആരംഭിച്ചതിനു ശേഷം കേരളം അതിദാരിദ്ര്യമുക്തിയുടെ അടുത്ത ഘട്ടത്തിലേക്ക് പ്രവേശിക്കുമ്പോൾ അഗതികളെ അഭിസംബോധന ചെയ്യുന്ന അഗതി രഹിത കേരളം പദ്ധതിയെ

അതിദാരിദ്ര്യനിർമ്മാർജ്ജനാനന്തര പദ്ധതിയുടെ ഭാഗമാക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇത് പ്രാവർത്തികമാക്കുന്നതിനു അഗതിരഹിത കേരളം പദ്ധതിയുടെ പട്ടിക വിലയിരുത്തി അതിദാരിദ്ര്യത്തിൻറെ സൂചകങ്ങൾ അനുസരിച്ച് അർഹരായവർക്ക് തുടർപിന്തുണ നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

അഗതിരഹിത കേരളം 'ആശ്രയ' പദ്ധതി ഗുണഭോക്താക്കളെ പുനഃപരിശോധിക്കുന്നതിനുള്ള ഘട്ടങ്ങൾ:

- നിലവിലുള്ള അഗതിരഹിത കേരളം പട്ടികയിൽ സ്ഥലം മാറിപോയ കുടുംബങ്ങൾ, അംഗങ്ങൾ പൂർണ്ണമായി മരിച്ചുപോയ കുടുംബങ്ങൾ എന്നിവരുടെ പട്ടിക കുടുംബശ്രീയുടെ നേതൃത്വത്തിൽ വാർഡു തിരിച്ചു തയാറാക്കി വാർഡുതല സമിതികൾക്ക് നൽകണം. അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ അനുസരിച്ചു കുടുംബശ്രീ അന്തിമമാക്കി നൽകുന്ന ലിസ്റ്റിൽ നിന്ന് വാർഡ്/ഡിവിഷൻ തല സമിതികളുടെ നേതൃത്വത്തിൽ ഫോക്കസ് ഗ്രൂപ്പ് പരിശോധന നടത്തണം.
- കരട് പട്ടിക: അതിദാരിദ്ര്യ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ വാർഡ്/ഡിവിഷൻ തല സമിതികൾ പ്രാഥമിക കരട് പട്ടിക തയ്യാറാക്കുകയും ഈ പട്ടികയെ അയൽക്കൂട്ട ഭാരവാഹികളെ പങ്കെടുപ്പിച്ചുകൊണ്ട് കുടുംബശ്രീ ADS തലത്തിൽ പരിശോധന നടത്തേണ്ടതുമാണ്.
- വാർഡ്തല കരട് പട്ടിക: കുടുംബശ്രീ പരിശോധനക്കും വാർഡ്തല ചർച്ചകൾക്കും ശേഷം വാർഡ്/ഡിവിഷൻ തല സമിതികൾ വീണ്ടും ചേർന്ന് വാർഡ്തല കരട് പട്ടിക തയ്യാറാക്കുന്നു. കരടു പട്ടിക തയാറാക്കിയ വീടുകളിൽ അതിദാരിദ്ര്യ മാനദണ്ഡങ്ങൾ വച്ച് മൊബൈൽ ഫോൺ ഉപയോഗിച്ച് വാർഡുതല ഓഫീസർ, പരിശീലനം ലഭിച്ച എന്യൂമറേറ്റർ, വാർഡുതല സമിതിയിലെ ഒരു അംഗം എന്നിവർ ചേർന്ന ടീം വിവര ശേഖരണം നടത്തുന്നു. മാനദണ്ഡങ്ങൾ അനുസരിച്ച് വാർഡുതല സമിതി തയാറാക്കിയ കരടു പട്ടികയിൽ അർഹരായവരുടെയും അനർഹരായവരുടെയും പട്ടിക വേർതിരിച്ച് വാർഡുതല സമിതിക്ക് നൽകുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും വാർഡുതല എന്യൂമറേഷൻ ടീമുകൾ അർഹരായി കണ്ടെത്തിയ കുടുംബങ്ങളിൽ 20% വീടുകളിൽ ബ്ലോക്ക്, നഗരസഭാ തല സമിതി സൂപ്പർ ചെക്ക് നടത്തുന്നു. ഇവയിൽ അനർഹരായി കണ്ടെത്തിയവരുടെ പട്ടിക അതതു തദ്ദേശ സ്ഥാപനതല നോഡൽ ഓഫീസർമാർക്കും വാർഡു/ഡിവിഷൻതല ഓഫീസർമാർക്കും കൈമാറുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വാർഡുതല സമിതികൾ അന്തിമ കരടു പട്ടിക തയാറാക്കുന്നു. പ്രസ്തുത പട്ടിക വാർഡ്/ഗ്രാമ സഭകളിൽ അവതരിപ്പിച്ച്

ചർച്ച ചെയ്യുകയും നിർദ്ദേശിക്കുന്ന വസ്തുതാപരമായ തിരുത്തലുകൾ വാർഡു/ഗ്രാമ സമിതികൾ ചേർന്ന് പുന:പരിശോധിച്ച് വാർഡുതല പട്ടിക അന്തിമമാക്കി ഭരണസമിതി അംഗീകാരത്തിനു സമർപ്പിക്കണം. ഭരണസമിതികൾ യോഗങ്ങൾ ചേർന്ന് പട്ടികയ്ക്ക് അംഗീകാരം നൽകണം. അർഹരായവരുടെ പട്ടിക തദ്ദേശ സ്ഥാപനങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കണം. പട്ടിക പ്രസിദ്ധീകരിച്ചിരിക്കുന്നു എന്ന വിവരം അങ്കണവാടികളും പൊതുവിതരണ കേന്ദ്രങ്ങൾ ഉൾപ്പടെയുള്ള പൊതുസ്ഥാപനങ്ങളിൽ പ്രസിദ്ധീകരിക്കാവുന്നതാണ്. പട്ടിക സംബന്ധിച്ച പരാതികൾ 14 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കാൻ കൃത്യമായ അവസരം നൽകണം. പരാതി തദ്ദേശസ്വയംഭരണ സ്ഥാപനതല സമിതി പരിശോധിച്ചതിനുശേഷം അന്തിമ പട്ടിക കൗൺസിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും കൗൺസിൽ അംഗീകരിച്ച പട്ടിക അതിദാരിദ്ര്യമുക്ത പോർട്ടലിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

ഈ മാർഗ്ഗരേഖയിലെ 3.2, 3.3 ഉപഭാഗങ്ങളിൽ പരാമർശിചിരിക്കുന്ന ഘട്ടങ്ങൾ പുതുതായി കണ്ടെത്തുന്ന അതിദരിദ്ര കുടുംബങ്ങളുടെ കാര്യത്തിലും ബാധകമാണ്.

## 5. മാനദണ്ഡങ്ങളിലെ കൂട്ടിചേർക്കലുകൾ

കേരളം അതിദാരിദ്ര്യമുക്ത സംസ്ഥാനമായി 2025 നവംബർ 1ന് പ്രഖ്യാപിക്കപ്പെട്ടു. അടുത്ത ഘട്ടത്തിൽ പുതുതായി അതിദാരിദ്ര്യാവസ്ഥയിലേക്ക് വന്നവരേയും അഗതിരഹിത കേരളം ഗുണഭോക്താക്കളിൽ നിന്ന് യോഗ്യരായവരെയും അതിദരിദ്ര പട്ടികയിലേക്ക് ഉൾപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. അത്തരം ശ്രമം നടത്തുമ്പോൾ കൂടുതൽ ഫലപ്രദമായ ഉൾചേർക്കലിനു സഹായകരമാകുന്ന രീതിയിൽ നിലവിലുള്ള ചില മാനദണ്ഡങ്ങളിൽ (സ.ഉ.(കൈ) നം.145/2021/LSGD തീയതി,തിരുവനന്തപുരം, 16/07/2021) ഭേദഗതികളും പ്രസക്തമായ സ്ഥലങ്ങളിൽ ആവശ്യമായ കൂടിച്ചേർക്കലുകളും താഴെ നിർദ്ദേശിക്കുന്നു. ഇവ കൂടി ഉൾക്കൊള്ളിച്ചു കൊണ്ടാണ് അതിദാരിദ്ര്യ പട്ടിക പുതുക്കേണ്ടത്.

**മാനദണ്ഡങ്ങളിലെ കൂട്ടി ചേർക്കലുകൾ/തിരുത്തലുകൾ**.

### 5.1. പൊതു മാനദണ്ഡങ്ങൾ

പൊതു മാനദണ്ഡങ്ങളിൽ **താമസസ്ഥലം** എന്ന സൂചകത്തിലെ ക്ലേശഘടകം

*"അപകടകരവും, ദുസ്സഹവുമായ സ്ഥലങ്ങളിൽ ദയനീയ സാഹചര്യത്തിൽ താമസിക്കുന്നവർ (റെയിൽവേ / റോഡ് / പുഴ പുറമ്പോക്ക്, ചതുപ്പുകൾ, വയൽ വരമ്പ്, മാലിന്യ കൂമ്പാര പരിസരം, അഴുക്കുചാലുകളുടെ ഓരങ്ങൾ, ബസ്സ്റ്റാൻഡ്, മാർക്കറ്റ് എന്നിവിടങ്ങളിൽ കഴിയുന്നവർ)." എന്നതിനോടൊപ്പം മലഞ്ചെരുവുകൾ, ഉരുൾ*

*പൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങൾ, ആവർത്തിക്കുന്ന ദുരന്തങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങൾ, അതീവദുരന്ത സാധ്യതയുള്ള ഇടങ്ങൾ.*

*എന്നിവിടങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളെ കൂടെ ഉൾപ്പെടുത്തുന്നു.*

പട്ടിക വർഗ്ഗ മേഖലയിലും നഗര മേഖലയിലും പ്രത്യേക മാനദണ്ഡമായി പറഞ്ഞിരുന്ന 150 ചതുരശ്ര അടിയിൽ 8 പേരോ അതിലധികമോ താമസിക്കുന്നു എന്ന തീവ്ര ക്ലേശഘടകത്തെ താഴെ കൊടുത്തിരിക്കുന്ന മാറ്റങ്ങളോടെ പൊതു മാനദണ്ഡമാക്കി മാറ്റുന്നു.

*300 ചതുരശ്ര അടിയിൽ കുറഞ്ഞ വലിപ്പമുള്ള വീട്ടിൽ 4 പേരോ അതിലധികമോ താമസിക്കുന്ന കുടുംബങ്ങൾ*

### 5.2. പ്രത്യേക മാനദണ്ഡം

**പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക തീവ്ര ക്ലേശഘടകങ്ങളിൽ**

*"പൊതു ഗതാഗത സൗകര്യം/പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ/ സ്കൂളുകൾ, റേഷൻ കട തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിൽ നിന്ന് 3 കിലോമീറ്റർ എങ്കിലും അകലെ വനത്തിനുള്ളിൽ താമസിക്കുന്നവരും 25 സെന്റിൽ താഴെ ഭൂമി കൈവശമുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾ" എന്ന മാനദണ്ഡത്തിൽ 3 കിലോമീറ്റർ എന്നത് 1 കിലോമീറ്റർ ആയി ചുരുക്കുന്നു.*

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക തീവ്ര ക്ലേശഘടകങ്ങളിൽ പറയുന്ന *"അതീവ ദുർബല പട്ടികവർഗ്ഗ വിഭാഗങ്ങൾ (PVTG- കാടർ, ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ, കൊറഗ, കുറുമ്പ)" എന്നിവർക്കൊപ്പം വിഭവങ്ങൾ പാരമ്പര്യമായി ഇല്ലാത്ത പണിയ, അടിയ, മലവേടൻ, മലപ്പണ്ടാരം, മലവേട്ടുവൻ, മലപുലയ, അരനാടൻ, ഇരവാലൻ തുടങ്ങിയ വിഭാഗങ്ങളെ കൂടി ഉൾപ്പെടുത്തുന്നു.*

പട്ടികജാതി, പട്ടികവർഗ്ഗ, തീരദേശവാസികൾ എന്നിവരുടെ കാര്യത്തിൽ പ്രത്യേക തീവ്ര ക്ലേശഘടകങ്ങളിൽ ഒന്നായ *"പ്രാഥമിക വിദ്യാഭ്യാസത്തിന് (ഏഴാം ക്ലാസ്സ്) മുകളിൽ വിദ്യാഭ്യാസം നേടിയ ആരും തന്നെ ഇല്ലാത്ത കുടുംബങ്ങൾ" എന്നത് പത്താം തരം പാസായ ആരും തന്നെ ഇല്ലാത്തവർ എന്നാക്കി പുനർ നിശ്ചയിക്കുന്നു.*

പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക തീവ്ര ക്ലേശഘടകങ്ങളിൽ താഴെ പറയുന്നവ കൂട്ടി ചേർക്കുന്നു

*അവിവാഹിതരായ അമ്മമാർ ഉള്ള ദരിദ്ര കുടുംബങ്ങൾ*

*പോഷകാഹാരക്കുറവ് മൂലമോ ചികിത്സ ലഭിക്കാതെയോ രണ്ടുവയസു തികയുന്നതിനു മുൻപായി കുഞ്ഞുങ്ങൾ മരണപെട്ട കുടുംബങ്ങൾ.*

*30 വർഷത്തിൽ കൂടുതൽ പഴക്കമുള്ള, ജീർണാവസ്ഥയിലുള്ള, താമസിക്കാൻ സുരക്ഷിതത്വമില്ലാത്തതും 450 ചതുരശ്ര അടിയിൽ താഴെ വിസ്താരമുള്ളതുമായ വീടുകളിൽ താമസിക്കുന്ന ദരിദ്ര കുടുംബം.*

*കുടിവെള്ള സൗകര്യം 100 മീറ്ററിനുള്ളിൽ പ്രാപ്യമല്ലാത്ത, വൈദ്യുതീകരണം നടന്നിട്ടില്ലാത്ത പ്രദേശത്തു താമസിക്കുന്ന കുടുംബം*

**തീരദേശ വാസികൾക്കുള്ള** പ്രത്യേക തീവ്ര ക്ലേശഘടകങ്ങളിൽ താഴെ പറയുന്നവ കൂട്ടിച്ചേർക്കുന്നു

*മുഖ്യവരുമാനദായകർ അപകടത്തിൽ മരണപ്പെട്ട, മറ്റു വരുമാനമാർഗ്ഗങ്ങളില്ലാത്ത കുടുംബങ്ങൾ.*

*മത്സ്യബന്ധനം/മത്സ്യവില്പന മാത്രം തൊഴിലാക്കിയ ഏക വരുമാനദായകർ മാത്രമുള്ള കുടുംബം.*

**നഗര ദരിദ്രർക്കായുള്ള** പ്രത്യേക തീവ്ര ക്ലേശഘടകങ്ങളിൽ താഴെ പറയുന്നവ കൂട്ടിച്ചേർക്കുന്നു

*നഗരമേഖലയിൽ 200 ചതുരശ്ര അടിയിൽ താഴെയുള്ള സ്ഥലത്ത് 4ൽ കൂടുതൽ അംഗങ്ങൾ കഴിഞ്ഞ 2 വർഷമെങ്കിലുമായി വാടകയ്ക്ക് താമസിക്കുന്ന ദരിദ്ര കുടുംബങ്ങൾ.*

*മലയാളികളായ അതിദരിദ്ര കുടുംബങ്ങൾക്കൊപ്പം കഴിഞ്ഞ മൂന്ന് വർഷമെങ്കിലുമായി കേരളത്തിൽ കുടുംബമായി സ്ഥിരതാമസമാക്കിയ ഇതര സംസ്ഥാന തൊഴിലാളി കുടുംബങ്ങളെയും അതിദരിദ്ര പട്ടികയിൽ മാനദണ്ഡങ്ങൾക്കനുസരിച്ച് ഉൾച്ചേർക്കാവുന്നതാണ്.*

## 6. അതിദാരിദ്ര്യത്തിലേക്ക് വീഴാൻ സാധ്യതയുള്ള കേവലദരിദ്ര കുടുംബങ്ങൾക്ക് സുരക്ഷാവലയം ഒരുക്കൽ

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി 1.0-ൽ ഉൾപ്പെടുത്തി വിവിധഘട്ടങ്ങളിൽ ആനുകൂല്യം ലഭിച്ച് അതിദാരിദ്ര്യമുക്തരായ കുടുംബങ്ങളുണ്ട്. അതിദാരിദ്ര്യമുക്തരായെങ്കിലും അവർ വീണ്ടും അതിദാരിദ്ര്യത്തിലേക്ക് വീഴാതിരിയ്ക്കാൻ അവരെ ഒരു സുരക്ഷാ വലയത്തിൽ (Safety Net) ഉൾപ്പെടുത്തി തുടർച്ചയായുള്ള നിരീക്ഷണത്തിന് വിധേയരാക്കേണ്ടതുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ അവർ വീണ്ടും അതിദരിദ്രരാവുന്ന സാഹചര്യമുണ്ടായാൽ അവർക്ക് വേണ്ട ആനുകൂല്യങ്ങളും സേവനങ്ങളും വീണ്ടും ലഭ്യമാക്കി അവരെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കേണ്ടതാണ്.

EPEP 1.0-യിൽ നിന്നും വ്യത്യസ്തമായി EPEP 2.0 യിൽ അതിദരിദ്രർക്ക് തൊട്ടുമുകളിലുള്ള കേവലദരിദ്ര കുടുംബങ്ങളെ കണ്ടെത്തി അവരെ ദാരിദ്ര്യമുക്തരാക്കുന്നതിനുള്ള കുടുംബാധിഷ്ഠിത, തദ്ദേശസ്വയംഭരണ സ്ഥാപനതല ഉപപദ്ധതികൾ തയ്യാറാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനായി അതിദാരിദ്ര്യ സൂചകങ്ങൾക്കൊപ്പം അല്പം കൂടി ഉദാരമായ സൂചകങ്ങൾ ചേർത്ത് വാർഡ്തല ചർച്ചകളിലൂടെ വിശകലനം നടത്തി ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്താം. വാർഡ്തല സമിതികൾക്ക് ദരിദ്ര കുടുംബങ്ങളുടെ പ്രാഥമിക പട്ടിക തയാറാക്കുന്നതിനായി താഴെ കൊടുത്തിരിക്കുന്ന ലിസ്റ്റുകൾ ഉപയോഗിക്കാം.

- അന്ത്യോദയ അന്നയോജന കാർഡ് ഉടമകൾ.
- ലൈഫ് പദ്ധതിയിൽ ലിസ്റ്റിൽ ഉൾപ്പെട്ടവർ
- പാലിയേറ്റീവ് പരിചരണം ലഭ്യമാകുന്നവർ
- ഗുരുതര രോഗങ്ങൾ ബാധിച്ചവർ
- ഭിന്നശേഷിക്കാർ
- കുപോഷണം ഉള്ള കുട്ടികൾ ഉള്ള കുടുംബങ്ങൾ
- പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ
- വിധവ, ഭിന്നശേഷി, അവിവാഹിത, വയോജന പെൻഷനുകളുടെ ഗുണഭോക്താക്കൾ
- നഗര മേഖലകളിൽ താമസക്കാരായ തെരുവ് കച്ചവടക്കാർ, ഗാർഹിക തൊഴിലാളികൾ, അസംഘടിത മേഖലകളിലെ മാലിന്യ ശേഖരണ തൊഴിലാളികൾ, ശുചീകരണ തൊഴിലാളികൾ, ചെറുകിട വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികൾ മുതലായാവരുടെ പട്ടികകൾ കൂടെ പരിഗണിക്കാം.
- EPIP 1.0 പട്ടികയിൽ ആദ്യഘട്ടത്തിൽ അതിദാരിദ്ര്യ നിർമാർജ്ജനത്തിനായി പരിഗണിക്കപ്പെടാതിരുന്നവർ

ഈ ലിസ്റ്റുകളിൽ ഉൾപ്പെട്ടവരുടെ ദാരിദ്ര്യ ഘടകങ്ങൾ കണ്ടെത്തുന്നതിനായി നീതി അയോഗ് ദേശിയ ബഹുമുഖ ദാരിദ്ര്യ സൂചിക (National Multidimensional Poverty Index) യിൽ ഉപയോഗിച്ചിരിക്കുന്ന സൂചകങ്ങൾ കൂടി ഉപയോഗിക്കാവുന്നതാണ്. ഈ സൂചികയുടെ രീതിശാസ്ത്രം ദരിദ്രരെ ദാരിദ്ര്യത്തിൻറെ കാഠിന്യത്തിൻറെ അടിസ്ഥാനത്തിൽ കുടുംബങ്ങളെ റാങ്ക് ചെയ്യുന്നതിനും മുൻഗണനാ ക്രമം തീരുമാനിക്കുന്നതിനും സഹായകരമാണ്. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങൾക്ക് ഉപജീവനം, ആരോഗ്യം, അടിസ്ഥാന സൗകര്യം, വിദ്യാഭ്യാസം,

ഭക്ഷ്യലഭ്യത, സാമൂഹിക സുരക്ഷാശൃംഖല എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി മൈക്രോപ്ലാനുകൾ തയ്യാറാക്കാം.

എല്ലാ ദരിദ്ര കുടുംബങ്ങൾക്കും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) ഉറപ്പാക്കണം. PK കാളൻ പദ്ധതി, മേപ്പാടി പുനരധിവാസം, പട്ടികജാതി വകുപ്പിന്റെ മൈക്രോപ്ലാൻ പദ്ധതികൾ എന്നിവയുടെ മാതൃകകൾ പിന്തുടർന്ന് കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ സംയോജിപ്പിച്ച് കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകളും അവയെ ഏകോപിച്ച് തദ്ദേശസ്ഥാപനതലത്തിൽ ദാരിദ്ര്യ ലഘൂകരണ ഉപപദ്ധതികളും തയ്യാറാക്കാം. ഇവയെ പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, വനിതാ ഘടക പദ്ധതി, വയോജനങ്ങൾക്കും കുട്ടികൾക്കുമായുള്ള പ്രത്യേക പദ്ധതി തുടങ്ങിയവയുൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വാർഷിക പദ്ധതിയിലെ മറ്റ് ഘടകങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കാവുന്നതാണ്.

കേവലദാരിദ്ര്യ നിർമാർജ്ജനവുമായി ബന്ധപെട്ട രീതിശാസ്ത്രം, സൂചകങ്ങൾ, എന്നിവയുടെ വിശദാംശങ്ങൾ തുടർ ഉത്തരവായി പുറത്തിറക്കുന്നതാണ്.

## 7. ഏകോപന സംവിധാനം

വിവിധ തലങ്ങളിലുള്ള ഏകോപന നിർവഹണ സമിതികളുടെ വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 146/2022/LSGD dated 08/07/2022 ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ഈ സംഘടനാരൂപത്തെ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി വിപുലീകരിക്കാം. നിലവിലുള്ള ഉത്തരവിനൊപ്പം താഴെ പറയുന്ന ചുമതലകൾകൂടി വിവിധ ഏകോപന സംവിധാനങ്ങൾക്ക് ഉണ്ടായിരിക്കും.

### 7.1. സംസ്ഥാനതലം

#### 7.1.1. സംസ്ഥാനതല മാർഗ്ഗ നിർദ്ദേശക സമിതി

**ഘടന**

- **അദ്ധ്യക്ഷൻ:** ബഹു. മുഖ്യമന്ത്രി, കേരള സർക്കാർ
- **ഉപാദ്ധ്യക്ഷൻ :** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, കേരള സർക്കാർ
- **അംഗങ്ങൾ:** വകുപ്പ് മന്ത്രിമാർ, സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർപെഴ്സൻ
- **കൺവീനർ:** സംസ്ഥാന ചീഫ് സെക്രട്ടറി

**ചുമതലകൾ**

- ഒന്നിലധികം വകുപ്പുകൾ ചേർന്ന് ചെയ്യേണ്ട പൊതു ഇടപെടലുകൾക്ക് വ്യക്തത വരുത്തൽ.

- അതതു ജില്ലാ ചുമതലയുള്ള മന്ത്രിമാർ വഴി ജില്ലകളിലെ പ്രവർത്തനങ്ങൾ ത്വരിത പെടുത്തൽ

- വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങൾ, വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ പരിഹരിക്കൽ

- ഓരോ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ മൂന്നു മാസത്തിലൊരിക്കൽ വിലയിരുത്തൽ, തടസങ്ങൾ നീക്കുന്നതിനുള്ള പരിഹാരനടപടികൾ സ്വീകരിക്കൽ

- ആവശ്യമായ ഘട്ടങ്ങളിൽ അതിദാരിദ്ര്യ, കേവലദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിക്ക് ആവശ്യമായ സാമ്പത്തിക വിഭവങ്ങൾ അനുവദിക്കൽ

- അതിദാരിദ്ര്യ നിർമാർജ്ജന പദ്ധതിയുടെയും കേവലദാരിദ്ര്യ നിർമാർജ്ജന പദ്ധതിയുടെയും ഭാഗമായി ആവശ്യമായി വരുന്ന പുതിയ പദ്ധതികൾ, സ്ഥാപനരൂപങ്ങൾ, നിലവിലുള്ള പദ്ധതികളിലെ പ്രധാന മാറ്റങ്ങൾ എന്നിവയ്ക്ക് അംഗീകാരം നൽകൽ

### 7.1.2. സംസ്ഥാനതല ഏകോപന സമിതി

**ഘടന**

- **അദ്ധ്യക്ഷൻ:** ചീഫ് സെക്രട്ടറി

- **അംഗങ്ങൾ:** വികേന്ദ്രീകൃത ആസൂത്രണത്തിൻറെ ചുമതലയുള്ള ആസൂത്രണ ബോർഡ് അംഗം, വകുപ്പ് സെക്രട്ടറിമാർ, മേധാവികൾ, സംസ്ഥാനതല ഏജൻസികളുടെ മേധാവികൾ

- **കൺവീനർ:** തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി, കേരള സർക്കാർ

**ചുമതലകൾ**

- ഓരോ വകുപ്പുകളും ചെയ്യുന്ന അതിദാരിദ്ര്യമുക്ത/കേവലദാരിദ്ര്യമുക്ത പ്രവർത്തനങ്ങളുടെ ദ്വൈമാസ വിലയിരുത്തൽ നടത്തുക.

- വകുപ്പുകൾ ഏജൻസികൾ എന്നിവക്കിടയിൽ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ആശയ വ്യക്തത വരുത്തുക, തർക്കങ്ങൾ പരിഹരിക്കുക

- വിവിധ വകുപ്പുകൾ പുറപ്പെടുവിക്കേണ്ടുന്ന പൊതുവായ ഉത്തരവുകൾ പുറപ്പെടുവിക്കുക

- അതിദരിദ്ര, കേവലദരിദ്ര കുടുംബങ്ങൾക്ക് വിവിധ വകുപ്പുകളുടെ പദ്ധതികൾ, സ്കീമുകൾ എന്നിവയിൽ ഫീസുകൾ ഒഴിവാക്കി നൽകുകയോ ഇളവുകൾ നൽകുകയോ ചെയ്യുന്നതിനുള്ള പൊതു തീരുമാനങ്ങൾ എടുക്കൽ, ഉത്തരവുകൾ പുറപ്പെടുവിക്കൽ

- ഒന്നിലധികം വകുപ്പുകൾ, ഏജൻസികൾ എന്നിവ ചേർന്ന് നടപ്പിലാക്കേണ്ടുന്ന പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും ഉത്തരവുകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പുറപ്പെടുവിക്കൽ

- വിവിധ വകുപ്പുകൾ നിർവഹിക്കേണ്ടുന്ന പുതിയ ചുമതലകൾ നിർവഹിക്കാനുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും നൽകൽ

- പുതിയ പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക വിഭവങ്ങൾ അതതു വകുപ്പുകളിൽ നിന്നും എജൻസികളിൽ നിന്നും കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങൽ നൽകുക

- അതിദാരിദ്ര്യ നിർമാർജ്ജനം, കേവലദാരിദ്ര്യ നിർമാർജ്ജനം എന്നിവയ്ക്കാവശ്യമായ ബജറ്റ് വിഹിതം ഓരോ വകുപ്പുകളുടെയും വകയിരുത്തലുകളിൽ കൊണ്ട് വരുന്നതിനുള്ള ഇടപെടലുകൾ നടത്തുക

- ഓരോ വകുപ്പുകൾക്കും ഏജൻസികൾക്കുമകത്ത് അതിദാരിദ്ര്യ നിർമാർജ്ജനം, കേവലദാരിദ്ര്യ നിർമാർജ്ജനം എന്നിവയുമായി ബന്ധിപ്പിക്കാവുന്ന പദ്ധതികൾ, സ്കീമുകൾ എന്നിവയെ കണ്ടെത്തി ഏകോപിപ്പിക്കുക .

### 7.1.3. സംസ്ഥാനതല നിർവ്വഹണസമിതി

**ഘടന**

- **അദ്ധ്യക്ഷൻ:** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, കേരള സർക്കാർ

- **കൺവീനർ:** തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി, കേരള സർക്കാർ

- **അംഗങ്ങൾ:** വികേന്ദ്രീകൃത ആസൂത്രണത്തിൻറെ ചുമതലയുള്ള ആസൂത്രണ ബോർഡ് അംഗം, LSGD വകുപ്പ് മേധാവികൾ, കില ഡയറക്ടർ ജനറൽ, മാർഗ്ഗനിർദേശങ്ങൾ തയ്യാറാക്കിയ കിലയിലെ വിദഗ്ധർ, വിഷയാടിസ്ഥാനത്തിൽ മറ്റുദ്യോഗസ്ഥരെ ക്ഷണിതാക്കളായി വിളിക്കാം

**ചുമതലകൾ**

- പദ്ധതിയുടെ സംസ്ഥാനതല വിലയിരുത്തൽ
- മാർഗ്ഗനിർദ്ദേശങ്ങൾ, പദ്ധതി മാർഗ്ഗരേഖ എന്നിവയിലെ മാറ്റങ്ങൾ, മറ്റു പ്രധാന സർക്കാർ ഉത്തരവുകൾ എന്നിവയെപ്പറ്റി തീരുമാനമെടുക്കൽ
- തദ്ദേശസ്ഥാപനങ്ങൾക്ക് കാലാകാലങ്ങളിൽ നൽകേണ്ട പിന്തുണ, വിഭവങ്ങൾ എന്നിവ ഉറപ്പുവരുത്തൽ

### 7.1.4. സംസ്ഥാനതല നിർവ്വഹണ സെൽ

**ഘടന**

- **കൺവീനർ:** തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, കേരള സർക്കാർ
- **അംഗങ്ങൾ:** കില, തൊഴിലുറപ്പ് മിഷൻ, തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ /അർബൻ പ്രതിനിധികൾ, കുടുംബശ്രീ മിഷൻ, ഇൻഫർമേഷൻ കേരള മിഷൻ എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥർ

**ചുമതലകൾ**

- പദ്ധതിയുടെ നിർവഹണ പ്രവർത്തികളുടെ പൊതു ഏകോപനം
- പദ്ധതിയുടെ സംസ്ഥാനതല, ജില്ലാതല വിലയിരുത്തൽ
- മികച്ച മാതൃകകളുടെ രേഖപ്പെടുത്തൽ
- പുറകിൽ നിൽക്കുന്ന ജില്ലകൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവകളുടെ കുറവുകൾ വിലയിരുത്തൽ, പ്രവർത്തനങ്ങൾ മെച്ചപെടുത്തൽ
- അതതു ഘട്ടങ്ങളിൽ ആവശ്യമുള്ള പൊതു മാർഗ്ഗരേഖകൾ, ഉത്തരവുകൾ, സോഫ്റ്റ്‌വെയറുകൾ, MIS എന്നിവ തയാറാക്കൽ

- അതിദാരിദ്ര്യ നിർമാർജ്ജനം, കേവലദാരിദ്ര്യ നിർമാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട വിവരശേഖരണം പുതുക്കൽ
- സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ എകോപിപ്പിക്കൽ
- സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ പൊതു പ്ലാറ്റ്ഫോമുകളിൽ ലഭ്യമാക്കൽ.
- തദ്ദേശസ്വയംഭരണ വകുപ്പിനകത്തെ വിവിധ സംവിധാനങ്ങളുടെ ഏകോപനം

**നിർവഹണ സെല്ലിൻറെ പ്രത്യേക ചുമതലകൾ**

- മൈക്രോപ്ലാനുകൾ പുതുക്കൽ, അഗതിരഹിത കേരളം ഗുണഭോക്താക്കളെ അതിദാരിദ്ര്യ പട്ടികളിൽ ഉൾപ്പെടുത്തൽ, പുതിയ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തൽ, കേവലദരിദ്ര കുടുംബങ്ങളെ കണ്ടെത്തൽ, പുതുതായി കണ്ടെത്തുന്ന അതിദരിദ്ര കുടുംബങ്ങൾക്കും കേവലദരിദ്ര കുടുംബങ്ങൾക്കും വേണ്ടിയുള്ള മൈക്രോപ്ലാനുകൾ തയാറാക്കൽ, സോഷ്യൽ ഓഡിറ്റ് സംഘാടനം, തദ്ദേശ സ്ഥാപനതല ഉപപദ്ധതി തയാറാക്കൽ തുടങ്ങിയവയുടെ പരിശീലനം, മൊഡ്യൂളുകൾ തയാറാക്കാൽ, കൈപുസ്തകങ്ങൾ തയാറാക്കൽ എന്നിവ കിലയുടെ ചുമതലയായിരിക്കും. അതിദാരിദ്ര്യമുക്ത കേരളത്തിനായുള്ള ബജറ്റ് വിഹിതത്തിൽ നിന്നും ഇതിനായുള്ള തുക കിലക്ക് പ്രത്യേകം അനുവദിക്കാവുന്നതാണ്.
- വിവിധ ഘട്ടങ്ങളിൽ പ്രത്യേക മാർഗ്ഗരേഖകൾ തയാറാക്കൽ, പരിപാടികൾ രൂപപെടുത്തൽ, എന്നിവയ്ക്കായുള്ള ശിൽപ്പശാലകൾ കിലയുടെ നേതൃത്വത്തിൽ സംസ്ഥാനതല നിർവഹണ സെല്ലിന്റെ സഹായത്തോടെ നടത്തേണ്ടതാണ്.
- വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയുമായി ചേർന്ന് ഉപജീവന പദ്ധതികളുടെ ഏകോപന ചുമതല കുടുംബശ്രീ മിഷൻ നിർവഹിക്കേണ്ടതാണ്.
- തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകളെ അതിദാരിദ്ര്യമുക്ത, കേവലദാരിദ്ര്യമുക്ത പദ്ധതികളുമായി ബന്ധിപ്പിക്കേണ്ട ഉത്തരവാദിത്വം സംസ്ഥാന തൊഴിലുറപ്പ് മിഷനായിരിക്കും.

## 7.2. ജില്ലാതല സമിതികൾ

### 7.2.1. ജില്ലാതല ഏകോപന സമിതി

**ഘടന**

- **രക്ഷാധികാരി:** ജില്ലാ ചുമതലയുള്ള മന്ത്രിമാർ
- അദ്ധ്യക്ഷൻ: ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
- **കൺവീനർ:** ജില്ലാ കളക്ടർ
- **അംഗങ്ങൾ:** വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ ജില്ലാതല മേധാവികൾ

**ചുമതലകൾ**

- പദ്ധതിയുടെ നിർവഹണ പ്രവർത്തികളുടെ പൊതു ഏകോപനം
- ജില്ലയിലെ വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ പദ്ധതികൾ, സ്കീമുകൾ, സേവനങ്ങൾ എന്നിവയെ അതിദാരിദ്ര്യമുക്ത, കേവലദാരിദ്ര്യമുക്ത പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക
- ഒന്നിലധികം വകുപ്പുകൾ സ്ഥാപനങ്ങൾ, എന്നിവയുടെ ഏകോപിത പ്രവർത്തനം ഉറപ്പാക്കുക
- വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ ജില്ലാതല പ്രവർത്തനങ്ങൾ വിലയിരുത്തുക
- വകുപ്പുകൾ, ഏജൻസികൾ എന്നിവ തമ്മിൽ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിടവുകൾ, തർക്കങ്ങൾ എന്നിവ പരിഹരിക്കുക
- അതിദരിദ്ര പട്ടികയിൽ ഉൾപ്പെടുത്താൻ പരിശോധിക്കേണ്ട പട്ടികകൾ തദ്ദേശ സ്ഥാപനങ്ങൾക്ക് ഏകോപിപ്പിച്ച് ലഭ്യമാക്കൽ

### 7.2.2. ജില്ലാതല നിർവഹണ സെൽ

**ഘടന**

- **കൺവീനർ:** തദ്ദേശസ്വയംഭരണ വകുപ്പ് ജോയിൻ്റ് ഡയറക്ടർ
- **ജോയിൻറ് കൺവീനർ:** ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ
- **അംഗങ്ങൾ:** തൊഴിലുറപ്പ് പദ്ധതി JPC, കുടുംബശ്രീ ഡിസ്ട്രിക്ട് മിഷൻ കോർഡിനേറ്റർ, ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർ, നവകേരളം ജില്ലാ കോർഡിനേറ്റർ

**ചുമതലകൾ**

- ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുക, ഏകോപിപ്പിക്കുക
- പുറകിൽ നിൽക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപെടുത്തുന്നതിനുള്ള ഇടപെടൽ നടത്തുക
- തദ്ദേശസ്വയംഭരണ വകുപ്പിനകത്തെ വിവിധ സംവിധാനങ്ങളെ ഏകോപിപ്പിക്കുക
- ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, എന്യൂമറേഷൻ, സൂപ്പർചെക്ക്, അന്തിമ പട്ടിക തയാറക്കൽ, മൈക്രോപ്ലാൻ തയാറാക്കൽ എന്നിവ ഏകോപിപ്പിക്കുക

## 7.3. ബ്ലോക്ക്തല സമിതി

### 7.3.1. ബ്ലോക്ക്തല ഏകോപന സമിതികൾ

- **അദ്ധ്യക്ഷർ:** ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർ
- **കൺവീനർ:** ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
- **അംഗങ്ങൾ:** വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രതിനിധികൾ

**ചുമതലകൾ**

- ബ്ലോക്ക് തലത്തിൽ എല്ലാ ഏജൻസികളുടെയും വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ച് വകുപ്പുകളെയും ഏജൻസികളെയും ബന്ധിപ്പിക്കുക
- വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ സേവന ശൃംഖലകളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുക
- എന്യൂമറേഷൻ, സൂപ്പർചെക്ക് പ്രവർത്തനങ്ങൾ, മൈക്രോപ്ലാൻ തയാറാക്കൽ എന്നിവയുടെ ഗുണത ഉറപ്പാക്കുക
- തദ്ദേശ സ്ഥാപനതല അതിദാരിദ്ര്യ, കേവലദാരിദ്ര്യ ഉപപദ്ധതിയുടെ ഗുണത ഉറപ്പാക്കുകയും ഫലപ്രദമായ നിർവഹണ മോണിട്ടറിങ്ങ് നടപ്പാക്കുകയും ചെയ്യുക.
- കരട് പട്ടികയെ സംബന്ധിച്ച പരാതികൾ സ്വീകരിക്കുകയും പരിഹരിക്കുകയും ചെയ്യുക
- അക്കാദമിക സ്ഥാപനങ്ങളെ ബന്ധിപ്പിക്കുക

## 7.4. തദ്ദേശസ്വയംഭരണ സ്ഥാപനതല സമിതികൾ

### 7.4.1. തദ്ദേശസ്വയംഭരണ സ്ഥാപനതല ഏകോപന സമിതി

**ഘടന**

- **അദ്ധ്യക്ഷർ: നഗരസഭാ അദ്ധ്യക്ഷർ / ഗ്രാമ പഞ്ചായത്ത് അദ്ധ്യക്ഷർ**
- **ഉപാദ്ധ്യക്ഷർ: ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അദ്ധ്യക്ഷർ**
- **കൺവീനർ: സെക്രട്ടറി**
- **അംഗങ്ങൾ:** തദ്ദേശ സ്ഥാപനത്തിനു കീഴിലെ ഘടകസ്ഥാപനങ്ങളുടെ മേധാവികൾ , വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ, സംസ്ഥാന വകുപ്പ് ,ഏജൻസി തുടങ്ങിയവയുടെ പ്രതിനിധികൾ, വ്യാപാരി-വ്യവസായി സംഘടനകൾ, സഹകരണ ബാങ്കുകൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, കുടുംബശ്രീ CDS, പട്ടികജാതി, പട്ടികവർഗ്ഗ പ്രമോട്ടർമാർ, തീരമൈത്രി കൗൺസിലുകൾ, സാക്ഷരതാ പ്രേരകുമാർ, ലൈബ്രറി കൗൺസിൽ, ജനമൈത്രി പോലീസ് പ്രതിനിധികൾ

**ചുമതലകൾ**

- വാർഡുതല സമിതികൾ രൂപീകരിക്കുക
- ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ ഏകോപിപ്പിക്കുക

- കരട്ട പട്ടികകൾ പ്രസിദ്ധീകരിക്കുക
- ഗ്രാമസഭകൾ/വാർഡുസഭകളിൽ കരട്ട പട്ടിക അവതരിപ്പിക്കുക
- കരട്ട പട്ടികയെ സംബന്ധിച്ച പരാതികൾ സ്വീകരിക്കുകയും പരിഹരിക്കുകയും ചെയ്യുക
- അന്തിമ പട്ടിക പ്രസിദ്ധീകരിക്കുക
- ഗാർഹികതല മൈക്രോപ്ലാനുകളും തദ്ദേശസ്ഥാപനതല ഉപപദ്ധതിയും തയാറാക്കുന്നതിനു വേണ്ട ഏകോപനം നടത്തുക
- വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ പ്രവർത്തനങ്ങളെ മൈക്രോപ്ലാനുകളുമായി ബന്ധിപ്പിക്കുക
- സന്നദ്ധ സേവന ശൃംഖലകൾ രൂപീകരിക്കുകയും ഫലപ്രദമായി പ്രവർത്തിപ്പിക്കുകയും ചെയ്യുക
- കെയർ ഫണ്ടിലേക്കുള്ള സംഭാവന, CSR ഫണ്ട്, സ്പോൺസർഷിപ്പ്, എന്നിവ സമാഹരിക്കുക
- തദ്ദേശസ്ഥാപനതല സോഷ്യൽഓഡിറ്റ് സമിതികൾ രൂപീകരിക്കുക, സോഷ്യൽഓഡിറ്റ് റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുക
- മേൽഘടകങ്ങളിലേക്കുള്ള നിർദ്ദേശങ്ങൾ സമാഹരിച്ച് മേൽതട്ടിലേക്ക് കൈമാറുക
- അക്കാദമിക സ്ഥാപനങ്ങളെ ബന്ധിപ്പിക്കുക

### 7.4.2. നഗരസഭ / ഗ്രാമ പഞ്ചായത്ത് തല നിർവഹണ സെല്ലുകൾ

ഘടന

- **കൺവീനർ:** സെക്രട്ടറി
- **നോഡൽ ഓഫീസർ:** അഡീഷണൽ സെക്രട്ടറി/ അസിസ്റ്റണ്ട് സെക്രട്ടറി/ ദാരിദ്ര്യ നിർമാർജ്ജന പദ്ധതിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ (മുനിസിപാലിറ്റികളിൽ)
- **അംഗങ്ങൾ:** വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥർ, CDPO/ICDS സൂപ്പർവൈസർ, ഹെൽത്ത് ഓഫീസർ/ഹെൽത്ത് ഇൻസ്പെക്ടർ/ VEO, കുടുംബശ്രീ മെമ്പർ സെക്രട്ടറി, എൻ.യു.എൽ.എം. സിറ്റി മിഷൻ മാനേജർ, മെഡിക്കൽ ഓഫീസർ

**ചുമതല**

- വാർഡുതല സമിതികൾക്ക് ലഭ്യമാക്കേണ്ടുന്ന പട്ടികകൾ സമാഹരിച്ച് ലഭ്യമാക്കുക,
- ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ ഏകോപിപ്പിക്കുക
- കരട് പട്ടിക തയാറാക്കുന്ന പ്രക്രിയ ഏകോപിപ്പിക്കുക
- പരാതികൾ സ്വീകരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക
- സോഷ്യൽ ഓഡിറ്റിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുക
- ഗ്രാമസഭകൾക്ക് മുമ്പ് കരട് പട്ടിക തയാറാക്കുക
- അന്തിമ പട്ടിക തയാറാക്കുക
- മൈക്രോപ്ലാനുകൾ തയാറാക്കുന്നതിനുള്ള നേതൃത്വം നൽകുക
- വാർഡുതല സമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക
- തദ്ദേശസ്ഥാപനതല ശിൽപ്പശാല ഏകോപിപ്പിക്കുക
- തദ്ദേശസ്ഥാപനതല ഉപപദ്ധതി തയാറാക്കുന്നതിനുള്ള നേതൃത്വം നൽകുക

### 7.4.3. വാർഡ്തല സമിതി

**ഘടന**

- **അദ്ധ്യക്ഷൻ:** വാർഡ്/ ഡിവിഷനിലെ ജനപ്രതിനിധി
- **കൺവീനർ:** തദ്ദേശസ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തുന്ന വാർഡ്/ഡിവിഷൻ ചുമതലയുള്ള ഉദ്യോഗസ്ഥർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഘടക സ്ഥാപനങ്ങളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ
- **അംഗങ്ങൾ:** ജനപ്രതിനിധികൾ, ASHA പ്രവർത്തകർ, അങ്കണവാടി വർക്കർ, എ.ഡി.എസ് പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ, പാലിയേറ്റീവ് പ്രവർത്തകർ, എസ്.സി/എസ്.ടി പ്രൊമോട്ടർമാർ, അങ്കണവാടി പ്രവർത്തകർ, തൊഴിലുറപ്പ് മേറ്റുമാർ, വാർഡു ചുമതലയുള്ള ആരോഗ്യ പ്രവർത്തകർ, തദ്ദേശസ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തുന്ന വാർഡു ചുമതലയുള്ള ഉദ്യോഗസ്ഥർ തുടങ്ങിയവർ.

**ചുമതല**

- നിലവിലുള്ള പട്ടിക പരിശോധിച്ച് അതിദരിദ്ര, കേവലദരിദ്ര കുടുംബങ്ങളുടെ കരട് പട്ടിക തയ്യാറാക്കുക.
- ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കുക
- ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ വഴി ലഭ്യമാകുന്ന പട്ടികകൾ ഏകോപിപ്പിച്ച് കരട് പട്ടികകൾ തയ്യാറാക്കുക
- എന്യൂമറേഷൻ പ്രവർത്തനങ്ങളെ സഹായിക്കുക.
- എന്യൂമറേഷനു ശേഷമുള്ള വാർഡ് തല പട്ടിക തയ്യാറാക്കുക.
- ഗ്രാമ/വാർഡ് സഭകളിലേക്കുള്ള അന്തിമപട്ടിക തയ്യാറാക്കുക.
- ഗ്രാമ/വാർഡ് സഭകളിലുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച് അന്തിമ പട്ടിക തയ്യാറാക്കുക
- മൈക്രോപ്ലാനുകൾ തയാറാക്കാനുള്ള വിശദാംശങ്ങൾ ശേഖരിക്കുക.
- അതിദരിദ്ര, കേവലദരിദ്ര കുടുംബങ്ങൾക്ക് ഭക്ഷണം ചികിത്സ മുതലായ സേവനങ്ങൾ സ്ഥിരമായി ലഭ്യമാക്കുക.
- സന്നദ്ധസേനാ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും, പിന്തുണക്കുകയും ചെയ്യുക.

### 7.5. കിലയുടെ പങ്ക്

അതിദാരിദ്ര്യ, കേവല ദാരിദ്ര്യ നിർണയ പ്രക്രിയ, കുടുംബാധിഷ്ഠിത , തദ്ദേശ സ്ഥാപന തല പദ്ധതികൾ തയാറാക്കൽ, ഉപജീവന പദ്ധതി, സോഷ്യൽ ഓഡിറ്റ് മാർഗ്ഗരേഖ തയാറാക്കൽ, പരിശീലനങ്ങൾ തയാറാക്കൽ, സംഘടിപ്പിക്കൽ തുടങ്ങി അതിദാരിദ്ര്യ, കേവല ദാരിദ്ര്യമുക്ത പ്രവർത്തനങ്ങളുടെ എല്ലാ ഘട്ടങ്ങളിലും തുടർച്ചയായ സാങ്കേതിക, അക്കാദമിക പിന്തുണ നൽകുന്നതിനുള്ള ചുമതല കിലക്കായിരിക്കും.

## 8. സാമൂഹിക വിലയിരുത്തൽ സംവിധാനം

അതിദാരിദ്ര്യ ലഘൂകരണ പ്രക്രിയയുടെ ഭാഗമായി ഓരോ അതിദരിദ്ര കുടുംബത്തിനും പ്രത്യേകം തയ്യാറാക്കിയ മൈക്രോപ്ലാനിലെ നിദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരു സോഷ്യൽ ഓഡിറ്റ് സംവിധാനം രൂപീകരിക്കണം. ഇതോടൊപ്പം തദ്ദേശ സ്വയംഭരണ വകുപ്പിലെ ജില്ല, ബ്ലോക്ക്, നഗരസഭ

തല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഒരു വകുപ്പുതല ഓഡിറ്റ് സംവിധാനം നിരന്തരം പ്രവർത്തിക്കണം. പരിശോധനകളിൽ, പ്ലാൻ വിഭാവനം ചെയ്ത ഭൗതികവും സാമൂഹികവുമായ സേവനങ്ങൾ (ഉദാഹരണത്തിന്: അതിജീവന കിറ്റുകൾ, പ്രത്യേക ചികിത്സാ സഹായങ്ങൾ, വീട് നിർമ്മാണം, പെൻഷനുകൾ തുടങ്ങിയവ) നിശ്ചിത സമയപരിധിക്കുള്ളിൽ ഗുണഭോക്താവിന് ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. സേവനങ്ങളുടെ ലഭ്യതയ്ക്ക് പുറമെ, സർക്കാർ ഇടപെടലുകൾക്ക് ശേഷം കുടുംബത്തിന്റെ ജീവിതനിലവാരത്തിൽ ഉണ്ടായ ഗുണപരമായ മാറ്റങ്ങൾ (Impact Assessment) റിപ്പോർട്ടിൽ രേഖപ്പെടുത്തണം. ഗുണഭോക്താക്കളുടെ ആരോഗ്യസ്ഥിതിയിലുണ്ടായ പുരോഗതി, കുട്ടികളുടെ വിദ്യാഭ്യാസം, തൊഴിൽപരമായ പങ്കാളിത്തം, സാമൂഹികമായ ഒറ്റപ്പെടലിൽ നിന്നുള്ള മോചനം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

സോഷ്യൽ ഓഡിറ്റിനായി, 5 പേരിൽ കുറയാത്ത തദ്ദേശസ്വയംഭരണ സ്ഥാപനതല സോഷ്യൽ ഓഡിറ്റ് സമിതി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രൂപീകരിക്കാം. ഈ സമിതിയുടെ നേതൃത്വത്തിൽ വീടുകൾ സന്ദർശിച്ച് വിലയിരുത്തൽ റിപ്പോർട്ടുകൾ തയാറാക്കുകയും ഭരണസമിതികളിലും ഗ്രാമസഭകളിലും അവതരിപ്പിക്കുകയും ചെയ്യാം. ഇത് ക്രോഡീകരിച്ചുകൊണ്ട് വർഷത്തിലൊരിക്കൽ വാർഷിക സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുകയും അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അതിദാരിദ്ര്യമുക്ത പരിപാടിയുടെ പോർട്ടലിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

മൂന്നു മാസത്തിലൊരിക്കൽ വാർഡ് സമിതികൾ ചേർന്നു അതതു വാർഡുകളിലെ സേവനങ്ങളുടെ ലഭ്യതയെ കുറിച്ച് വിലയിരുത്തേണ്ടതാണ്. ഇതിൽ എന്തെങ്കിലും തരത്തിലുള്ള കുറവുകൾ കണ്ടെത്തുന്ന പക്ഷം, ആ പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ പുനഃക്രമീകരണങ്ങൾ മൈക്രോപ്ലാനിൽ വരുത്തുകയും അടുത്ത ആറു മാസത്തിനുള്ളിൽ അവ പൂർത്തീകരിക്കുകയും ചെയ്യേണ്ടതാണ്. സാമൂഹിക വിലയിരുത്തൽ സംബന്ധിച്ച വിശദമായ പ്രക്രിയ ഉൾപ്പെടുന്ന ഉത്തരവ് പിന്നീട് പുറത്തുവരുന്നതാണ്.

സോഷ്യൽ ഓഡിറ്റിനൊപ്പം മുകളിൽ സൂചിപ്പിച്ചത് പോലെ വകുപ്പ്തല ഓഡിറ്റ് സംവിധാനം സമാന്തരമായി പ്രവർത്തിക്കണം. ജില്ലാതല ഇന്റേർണൽ ഓഫീസർമാർക്ക് ബ്ലോക്ക്, നഗരസഭാ തലങ്ങളിൽ ചുമതല നൽകണം. ബ്ലോക്ക് നഗരസഭാ തലങ്ങളിൽ മൂന്നു പേരിൽ കുറയാത്ത ഒരു ഇന്റേർണൽ ഓഡിറ്റ് ടീം രൂപീകരിക്കണം. നോഡൽ ഓഫീസർമാർ ഈ സമിതികളിൽ ഉൾപ്പെടേണ്ടതില്ല. നോഡൽ ഓഫീസർമാരുടെ റാങ്കിനു താഴെ അല്ലാത്ത ഉദ്യോഗസ്ഥരായിരിക്കണം ഈ ടീമിന് നേതൃത്വം നൽകേണ്ടത്. ഈ ടീമിന്റെ ചുമതല താഴെ പറയുന്നവയായിരിക്കും.

1. തദ്ദേശ സ്ഥാപനതല അവലോകനങ്ങളിൽ പങ്കെടുത്തു ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് പരിപാടിയുടെ നടത്തിപ്പ്, ആർജ്ജിക്കാനായ നേട്ടങ്ങൾ,

പരിമിതികൾ, മറികടക്കേണ്ട തടസങ്ങൾ, മെച്ചപെടുത്താനുള്ള നിർദ്ദേശങ്ങൾ എന്നിവ ഉൾപ്പെട്ട റിപ്പോർട്ട് നൽകുക

2. പ്രത്യേക ശ്രദ്ധവേണ്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വാർഡുകൾ/ ഡിവിഷനുകൾ, കുടുംബങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ കൈമാറുക
3. വ്യത്യസ്ത വിഭാഗങ്ങളിൽ പെടുന്ന കുടുംബങ്ങളെ സാമ്പിൾ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് പ്രതിമാസ സന്ദർശനങ്ങൾ നടത്തുക
4. അതിദാരിദ്ര്യമുക്തമായി വാർഡ്/ഡിവിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനതല സമിതികൾ കണ്ടെത്തുന്ന കുടുംബങ്ങളെ വിലയിരുത്തി റിപ്പോർട്ട് നൽകുക
5. സേവന ലഭ്യതയെ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുക.

## 9. അധിക ധനസമാഹരണം

അതിദരിദരിദ്രർക്കായുള്ള പദ്ധതികൾ നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കെയർ ഫണ്ട് രൂപീകരിക്കാം എന്നു മുൻ ഉത്തരവുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പ്രായോഗികമാക്കുന്നതിനു പ്രവാസികൾ, സർവ്വീസ് പെൻഷനേഴ്സ്, ജീവനക്കാരുടെ സംഘടനകൾ, വ്യാപാരി വ്യവസായികൾ മുതലായവർ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസമാഹരണം നടത്തം. സഹകരണ ബാങ്കുകളുടെ പൊതുനന്മ ഫണ്ടും ഇതിനായി ഉപയോഗിക്കാം. ഓരോ കുടുംബങ്ങളെയും വ്യക്തിയോ സംഘടനയോ സാമ്പത്തികമായി സ്പോൺസർ ചെയ്യുന്ന രീതിയും അവലംബിക്കാവുന്നതാണ്. ഈ സ്പോൺസർഷിപ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് സമാഹരിക്കേണ്ടത്. അതിദരിദ്ര കുടുംബങ്ങളുടെ ഐഡന്റിറ്റി വെളിപ്പെടുത്തിക്കൊണ്ടുള്ള മനുഷ്യാവകാശ പ്രശ്നങ്ങൾ ഇല്ലാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിശദമായ മാർഗ്ഗരേഖ ഉൾപ്പെടുന്ന ഉത്തരവ് പിന്നീട് പുറത്തുവരുന്നതാണ്.

**അനുബന്ധം 1: അതിദരിദ്രരുടെ ഉപജീവന മാർഗ്ഗങ്ങളുടെ സുസ്ഥിരത (Sustainability of Livelihoods) ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ**

| **അതിദരിദ്ര കുടുംബത്തിന്റെ ആവശ്യം** | **ബന്ധപ്പെട്ടുത്താവുന്ന സ്കീമിന്റെ പേര്** | **ചുമതലപ്പെട്ട വകുപ്പ് /വകുപ്പുകൾ** | **പദ്ധതിയിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ/ഗുണഫലങ്ങൾ** | **സ്കീമിന്റെ ഗുണഭോക്താക്കൾ** | **അതിദാരിദ്ര്യ നിർമാർജനവുമായി പ്രസ്തുത സ്കീമിനെ ബന്ധിപ്പിക്കുന്നതിനെസംബന്ധിച്ച അധിക വിവരങ്ങൾ** |
|---|---|---|---|---|---|
| സ്കിൽ ഡെവലപ്മെന്റ് | സ്കിൽ ഡെവലപ്മെന്റ് സെൻറർ | വിദ്യാഭ്യാസ വകുപ്പ് (SSK) | സാങ്കേതിക സേവന മേഖലകളിൽ നൈപുണ്യം വർധിപ്പിക്കുക | 18 വയസ് മുതൽ 23 വരെ ഉള്ള തൊഴിൽ അന്വേഷകർ | അഡ്മിഷനിൽ മുൻഗണന കൊടുക്കണം |
| 9, 10, Plus 1, Plus 2 എന്നീ വിദ്യാർത്ഥികൾക്ക് യൂണിഫോം പഠനോപകരണങ്ങൾ | അതിദാരിദ്ര്യമുക്ത പ്രത്യേക പദ്ധതി | വിദ്യാഭ്യാസ വകുപ്പ് | മെച്ചപ്പെട്ട വിദ്യാഭ്യാസം സൗകര്യങ്ങൾ | അതിദരിദ്ര വിഭാഗം | |

| | | | | | |
|---|---|---|---|---|---|
| ഉച്ചഭക്ഷണം | | | | | |
